# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2019 DECEMBER Volume: X No: VI




*ഏഷ്യൻ അപ്പസ്തോലിക സന്ദർശനത്തോടനുബന്ധിച്ച് തായ്‌ലൻഡിലെത്തിയ ഫ്രാൻസിസ് മാർപാപ്പയ്ക്കു രാജ്യം ഹൃദ്യമായ വരവേൽപ്പു നൽകുന്നു.*

# യേശു ജനിച്ച പുൽത്തൊട്ടിലിന്റെ തിരുശേഷിപ്പ് വീണ്ടും ബെത്‌ലഹേമിൽ

ജറുസലേം: ബെത്‌ലഹേമിൽ ഈശോ ജനിച്ച കാലിത്തൊഴുത്തിലെ പുൽത്തൊട്ടിലിന്റെ ഭാഗമെന്നു കരുതപ്പെടുന്ന മരക്കഷണം ജറുസലേമിനു വത്തിക്കാൻ മടക്കി നല്കി.

ബെത്‌ലഹെമിലെ കാലിത്തൊഴുത്തിലെ പുൽത്തൊട്ടിലിന്റെ ഭാഗമായ ഈ തിരുശേഷിപ്പ് ഏഴാം നൂറ്റാണ്ടിൽ തിയഡോർ ഒന്നാമൻ മാർപാപ്പയ്ക്ക് ജറുസലം പാത്രിയാർക്കീസ് സെന്റ് സോഫ്രോണിയസാണ് കൈമാറിയത്. ഇസ്ലാം അധിനിവേശത്തെ തുടർന്നായിരിന്നു കൈമാറ്റം. അതിന് മുൻപ് റോമിലെ സാന്ത മരിയ മാജിയോർ ബസലിക്കയിലാണ് ഇതു സൂക്ഷിച്ചിരുന്നത്.



ജറുസലേമിലെ ഫ്രാൻസിസ്കൻ സന്യാസിമാരുടെ ദ കസ്റ്റഡി ഓഫ് ഹോളി ലാൻഡ് പ്രയറിക്കാണ് വത്തിക്കാൻ അധികൃതർ തിരുശേഷിപ്പ് മടക്കി നല്കിയത്. ഇതോടനുബന്ധിച്ച് ജെറുസേലമിലെ നോട്ടർഡാം സെന്ററിൽ പ്രത്യേക ദിവ്യബലിയും പ്രദക്ഷിണവും നടന്നു. തിരുപ്പിറവിപള്ളിക്കു സമീപമുള്ള ബെത്‌ലഹെമിലെ സെന്റ് കാതറീൻ പള്ളിയിൽ തിരുശേഷിപ്പ് സ്ഥാപിച്ചു.

പാലസ്തീൻ പ്രസിഡന്റ് മെഹമ്മൂദ് അബാസ് അടുത്തയിടെ വത്തിക്കാനിൽ ഫ്രാൻസിസ് പാപ്പയെ സന്ദർശിച്ചപ്പോൾ, പുൽക്കൂടിന്റെ തിരുശേഷിപ്പ് തിരികെ കൊണ്ടുവരുന്നതിനെക്കുറിച്ച് പാപ്പയുമായി സംസാരിച്ചിരുന്നെന്ന് പാലസ്തീൻ ന്യൂസ് ഏജൻസിയായ 'വഫ' റിപ്പോർട്ട് ചെയ്തിരുന്നു.

**ക്രിസ്മസ് പുതുവത്സരാശംകൾ**

**ഭരണഘടനയെയും നിയമസംവിധാനങ്ങളെയും ഏറെ ബഹുമാനത്തോടെ കാണുന്നവരാണ് ഭാരതത്തിലെ ക്രൈസ്തവസമൂഹം. ഭരണഘടനാവിരുദ്ധമായ പ്രവർത്തനങ്ങൾ ക്രൈസ്തവരുടെ ഭാഗത്തുനിന്നും ഉണ്ടായാൽ നടപടികൾ എടുക്കുവാനുള്ള സംവിധാനങ്ങളും നിയമവ്യവസ്ഥകളും രാജ്യത്തുണ്ട്. സഭയുടെ സ്വത്തുക്കൾ രാജ്യത്തെ നിയമങ്ങൾക്ക് വിധേയപ്പെട്ട് വിശ്വാസികൾ ആർജ്ജിച്ചതാണ്. ദേവസ്വം, വഖഫ് ബോർഡുപോലെ സർക്കാർ ഖജനാവിൽ നിന്ന് പണംമുടക്കി നേടിയ പൊതുസ്വത്തല്ല. ദേവസ്വം ബോർഡും വഖഫ് ബോർഡും രാജാക്കന്മാരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ക്ഷേത്രങ്ങളും മോസ്കുകളും മാത്രം കൈകാര്യം ചെയ്യാൻ ഉണ്ടാക്കിയ സംവിധാനമാണ്. അനേകായിരം ക്ഷേത്രങ്ങളും മോസ്കുകളും സർക്കാരിന് യാതൊരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുമ്പോൾ ഇവർക്കുവേണ്ടി നിയമം സൃഷ്ടിക്കാനുള്ള ആർജ്ജവം സംസ്ഥാന സർക്കാരിനുണ്ടോ? ലോകമെമ്പാടുമായി പ്രവർത്തനനിരതവും, ആഗോളജനസംഖ്യയിലെ ബഹുഭൂരിപക്ഷവുമായ ക്രൈസ്തവസമൂഹത്തെ കേരളത്തിലിരുന്ന് നിർവീര്യമാക്കാമെന്നു കരുതുന്നത് വിഢിത്തമാണ്. അതിനാൽ തന്നെ സഭാസംവിധാനങ്ങളെ പുതിയ നിയമം സൃഷ്ടിച്ച് കീഴ്പ്പെടുത്താമെന്ന് ആരും വ്യാമോഹിക്കേണ്ടതില്ല.**

# ചർച്ച് ആക്ടിന്റെ അണിയറയും ക്രൈസ്തവ വിരുദ്ധരുടെ അജണ്ടകളും



ഹൈന്ദവക്ഷേത്രങ്ങൾ ഭരിക്കുന്നത് ദേവസ്വം ബോർഡ്. മുസ്ലീം പള്ളികൾ വഖഫ് ബോർഡിന്റെ കീഴിൽ. എന്തുകൊണ്ട് ചർച്ച്ബോർഡ് ആയിക്കൂടാ? ക്രൈസ്തവസ്ഥാപനങ്ങളും സഭയുടെ ഭൗതികസമ്പത്തും സർക്കാരിന്റെ നിയന്ത്രണത്തിലും കീഴിലുമാക്കണമെന്ന് വിളിച്ചുപറയുന്നവർ ഉയർത്തുന്ന ന്യായവാദങ്ങളുടെ പൊരുളും പൊള്ളത്തരങ്ങളും തിരിച്ചറിയുവാനോ പഠനവിഷയമാക്കുവാനോ ഇതുവരെയും ക്രൈസ്തവ നേതൃത്വങ്ങളും വിശ്വാസിസമൂഹവും ശ്രമിച്ചിട്ടില്ലെന്നുള്ളത് ദുഃഖകരമാണ്. ഇതിനെ മറപിടിച്ച് ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണീരു കാണണമെന്ന രീതിയിലുള്ള വീറും വാശിയും സഭയിലെ ഉന്നതരായ വ്യക്തികൾ തന്നെ വെച്ചുപുലർത്തി നീങ്ങുന്നത് വലിയ അപകടമാണ് ക്ഷണിച്ചുവരുത്തുന്നത്.

ദേവസ്വം ബോർഡിന്റെയും വഖഫ് ബോർഡിന്റെയും രീതിയിൽ ചർച്ച് ബോർഡിന് രൂപം കൊടുക്കണമെന്നും ക്രൈസ്തവ ദേവാലയങ്ങളുടെയും, വിദ്യാഭ്യാസ ആരോഗ്യ സേവന മേഖലകളിലേതുൾപ്പെടെ വിവിധ സ്ഥാപനങ്ങളുടെയും നിയന്ത്രണവും ഭരണവും ഈ ബോർഡിന്റെ കീഴിലാക്കി ചർച്ച് ആക്ട് നടപ്പിലാക്കണമെന്നുള്ള പ്രചരണങ്ങളും വിശകലനങ്ങളും ചർച്ചകളും പല വേദികളിലും അരങ്ങേറുവാൻ തുടങ്ങിയിട്ട് നാളുകളേറെയായി. വി.എസ്.അച്യുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ 2009ൽ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു നിയമപരിഷ്കരണ കമ്മീഷനെ നിയമിച്ചിരുന്നു. കമ്മീഷൻ വിവിധ നിയമ പരിഷ്കരണ ശുപാർശകളുടെ കരടുനിർദ്ദേശങ്ങളോടൊപ്പം സംസ്ഥാന സർക്കാർ മുമ്പാകെ സമർപ്പിച്ചതാണ് ചർച്ച് ആക്ട് എന്നുവിളിക്കുന്ന ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ.

ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ ന്യൂനപക്ഷവിരുദ്ധവും ഭരണഘടനാലംഘനവുമായതിനാൽ മുൻ എൽഡിഎഫ് സർക്കാർതന്നെ തുടർചർച്ചയ്ക്കെടുക്കാതെ മാറ്റിവെച്ചു. എന്നാൽ വീണ്ടുമിത് വിഷയമാക്കാൻ ചിലകേന്ദ്രങ്ങളെ ഉപകരണങ്ങളാക്കി ആസൂത്രിത ശ്രമമാണിപ്പോൾ നടക്കുന്നത്. ബിൽ നടപ്പിൽ വരുത്തണമെന്ന ആവശ്യമാണ് ചില ക്രൈസ്തവ വിരുദ്ധകേന്ദ്രങ്ങളും ക്രൈസ്തവനാമം സ്വീകരിച്ചിട്ടുള്ള ചില സംഘടനകളും സാമൂഹ്യപരിഷ്കർത്താക്കളെന്ന് സ്വയം കൊട്ടിഘോഷിക്കുന്ന ക്രൈസ്തവവിരുദ്ധരും ഒറ്റയ്ക്കും കൂട്ടായും ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കുന്നത്. എന്താണ് ചർച്ച് ആക്ടിലെ നിർദ്ദേശങ്ങളെന്നോ, ചർച്ച് ബോർഡെന്നോ പഠിക്കാതെയാണ് പലരും എതിർപ്പുകളുമായി രംഗത്തെത്തിയിരിക്കുന്നതും. ക്രൈസ്തവ സഭാസംവിധാനങ്ങൾ വെല്ലുവിളികൾ നേരിടുമ്പോൾ നിർദ്ദിഷ്ട ചർച്ച് ആക്ട് നടപ്പിലാക്കുന്നതിൽ എന്താണ് അപാകതയെന്നുള്ള ചിന്താഗതി നല്ലൊരുശതമാനം വിശ്വാസികളിലുമുണ്ട്. ഇതിനായി ചർച്ച്ബോർഡിലേയ്ക്കും ആക്ടിലേയ്ക്കും കടക്കുന്നതിനുമുമ്പ് ക്രൈസ്തവരും പൊതുസമൂഹവും എന്താണ് ദേവസ്വം ബോർഡെന്നും വഖഫ് ബോർഡെന്നും അറിഞ്ഞിരിക്കണം.

ദേവസ്വം ബോർഡിലൂടെ ക്ഷേത്രങ്ങളുടെയും, വഖഫ് ബോർഡിലൂടെ മുസ്ലീം ആരാധനാലയങ്ങളുടെയും ഭരണം നിയന്ത്രിക്കുവാൻ സർക്കാരിന് അധികാരമുള്ളപ്പോൾ ക്രൈസ്തവരുടെ പള്ളികളും സ്ഥാപനങ്ങളും സമ്പത്തും നിയന്ത്രിക്കാൻ സർക്കാർ നിയമം നിർമ്മിക്കുന്നത് ന്യായമാണല്ലോയെന്ന് വിശ്വാസികളിൽ ചിലരും ചിന്തിക്കാം. പ്രത്യേകിച്ച് എറണാകുളത്തെ ഭൂവിവാദം ഏല്പിച്ച മുറിപ്പാടുകൾ ഉണങ്ങാതെ നിൽക്കുമ്പോൾ. ഇവിടെയാണ് എന്താണ് ദേവസ്വം ബോർഡെന്നും എന്താണ്

വഖഫ് ബോർഡെന്നും വിശ്വാസികളും സഭാവിരുദ്ധരും പഠിക്കേണ്ടത്.

## എന്താണ് ദേവസ്വം ബോർഡ്?

കേരളസംസ്ഥാനം രൂപീകരിക്കുന്നതിനു മുമ്പ് മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങൾ ഭരിച്ചിരുന്ന രാജാക്കന്മാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ക്ഷേത്രങ്ങളാണ് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള ജനാധിപത്യ ഭരണകൂടത്തിന് കൈമാറി നിയന്ത്രണത്തിൻകീഴിൽ കൊണ്ടുവന്നത്. രാജാക്കന്മാരുടെ കൈവശാവകാശത്തിലുളളവ രാജാധികാരം മാറുമ്പോൾ സ്വാഭാവികമായും കൈമാറേണ്ടത് പുതിയ ജനകീയ സംവിധാനത്തിനാണല്ലോ.

ക്ഷേത്രങ്ങൾ എങ്ങനെ രാജാക്കന്മാരുടെ സ്വത്തായി മാറി? ക്ഷേത്രം യഥാർത്ഥത്തിൽ കൈകാര്യം ചെയ്യേണ്ടത് വിശ്വാസികളും പൂജാരിമാരുമല്ലേ എന്ന ചോദ്യം ചരിത്രപരമായ ചില കാര്യങ്ങൾ മനസ്സിലാക്കാൻ ആവശ്യപ്പെടുന്നുണ്ട്. തൃശൂർ വടക്കുംനാഥക്ഷേത്രം ഭരിച്ചിരുന്നത് ഹിന്ദുമതവിശ്വാസികൾക്കുവേണ്ടി പൂജാരിമാരായിരുന്നു. രാജാക്കന്മാർ ഭൗതികഭരണം നടത്തിയിരുന്നത് ഭൂമിയിലെ ഉല്പന്നത്തിന്റെ ഒരോഹരി നികുതിയായി സ്വീകരിച്ചുകൊണ്ടാണ്. ഈ നികുതി ഉപയോഗിച്ചുകൊണ്ടുവേണം രാജ്യത്തെ സംരക്ഷിക്കുന്ന പടയാളികളെ തീറ്റിപ്പോറ്റാൻ.

വിശ്വാസത്തിന്റെ പൂർണ്ണതയിൽ രാജാവിന്റെ രാജ്യം ദൈവത്തിന് സമർപ്പിക്കാൻ ഇന്ത്യയിലെ പല രാജാക്കന്മാരെപ്പോലെ കൊച്ചിരാജാവും തയ്യാറായി. അങ്ങനെ കൊച്ചിരാജ്യത്തെ ഭൂമി മുഴുവൻ ക്ഷേത്രങ്ങൾക്ക് അടിയറ വച്ചു. ക്രമേണ ഭൂമിയിലെ നികുതി രാജാവിന് ലഭിക്കുന്നതിനുപകരം ക്ഷേത്രപൂജാരിമാർക്ക് ലഭിക്കാൻ തുടങ്ങി. ക്രമേണ രാജാവ് ഇവരുടെ അടിമയായി മാറി. ഈ അടിമത്വത്തെ ചോദ്യംചെയ്ത് ശക്തൻതമ്പുരാൻ നിലവിലുള്ള പൂജാരിമാരെ ക്ഷേത്രത്തിൽനിന്നു പുറത്താക്കി ക്ഷേത്രത്തെ സ്വന്തം ക്ഷേത്രമാക്കി മാറ്റി. അങ്ങനെയാണ് വടക്കുംനാഥൻക്ഷേത്രം കൊച്ചിരാജാവിന്റേതായി മാറിയത്. അങ്ങനെ നമ്പൂതിരിമാരുടെ പല അധികാരങ്ങളും ശക്തൻതമ്പുരാൻ നായർ കുടുംബങ്ങൾക്ക് കൈമാറി. ശക്തൻ തമ്പുരാന് ഇതിനുള്ള ശക്തി ലഭിച്ചത് ബ്രിട്ടീഷുകാരുടെ പിന്തുണയിൽ നിന്നാണ്. അതിനായി ഓരോ വർഷവും കൊച്ചിരാജ്യം ബ്രിട്ടീഷുകാർക്ക് അക്കാലത്ത് ഒരു ലക്ഷം രൂപ കപ്പം കൊടുത്തിരുന്നുവെന്നും പറയപ്പെടുന്നു.

## ദേവസ്വവും ട്രസ്റ്റും

ദേവസ്വം എന്ന വാക്കും ദേവസ്വം ബോർഡ് എന്ന വാക്കും രണ്ട് അർത്ഥങ്ങളാണ് ഉൾക്കൊള്ളുന്നത്. ഒരു സ്വകാര്യവ്യക്തി ഒരു ക്ഷേത്രം നിർമ്മിച്ച് അതിന് ദേവസ്വം എന്ന് പേരുനൽകിയാൽ അതിന്റെ അർത്ഥം ആ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ദേവന്റെ സ്വത്ത് എന്നു മാത്രമാണ്. എന്നാൽ ദേവസ്വം ബോർഡ് എന്നാൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ളത് എന്നാണ്. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ വിശ്വാസികൾ നേർച്ചപ്പണം നൽകിയാൽ അത് ലഭിക്കുക സർക്കാരിനല്ല, അത് കൈകാര്യം ചെയ്യുന്ന ട്രസ്റ്റിനാണ്. ആ പണം മുഴുവൻ ഉപയോഗിക്കുക ട്രസ്റ്റിന്റെ ഉടമസ്ഥന്മാരാണ്. കാരണം ശ്രീപദ്മനാഭസ്വാമി ക്ഷേത്രം ദേവസ്വം ബോർഡിന്റെ കീഴിലല്ല.

## ഹൈന്ദവ ക്ഷേത്രങ്ങളുടെ ഉടമസ്ഥാവകാശം

ഹിന്ദു ക്ഷേത്രങ്ങളുടെ ഉടമസ്ഥാവകാശത്തെക്കുറിച്ച് വലിയ തെറ്റിദ്ധാരണകളാണ് പൊതുസമൂഹത്തിൽ പലർക്കുമുള്ളത്. എല്ലാ ക്ഷേത്രങ്ങളും ദേവസ്വത്തിന്റെ കീഴിലാണെന്നാണ് പലരും ധരിച്ചിരിക്കുന്നതും ചിലർ പ്രചരിപ്പിക്കുന്നതും. ഹിന്ദു ക്ഷേത്രങ്ങളുടെ ഉടമസ്ഥാവകാശം പല രീതിയിലാണ്. 1. സ്വകാര്യക്ഷേത്രങ്ങൾ. ക്ഷേത്രങ്ങളിൽ ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടേതാണ്. ആ ക്ഷേത്രത്തിലെ പണപ്പെട്ടിയിലെ പിരിവ് ഉടമസ്ഥന്മാരുടെ സ്വകാര്യസ്വത്താണ്. 2. കുടുംബക്ഷേത്രങ്ങൾ. കുടുംബക്ഷേത്രങ്ങളുടെ നടത്തിപ്പുകാർ കുടുംബക്കാരാണ്. 3. ട്രസ്റ്റ് നിയന്ത്രിത ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങൾ പലതും വിവിധ ട്രസ്റ്റുകളുടെ നിയന്ത്രണത്തിലുള്ളതാണ്. 4. ദേശക്കാരുടെ ക്ഷേത്രങ്ങൾ. 5. എസ്എൻഡിപി യോഗത്തിന്റെ ക്ഷേത്രങ്ങൾ. കേരളത്തിലുള്ള മൊത്തം ക്ഷേത്രങ്ങളുടെ 10 ശതമാനം മാത്രമാണ് സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡിന്റെ കീഴിലുള്ളത്.

## ദേവസ്വം ബോർഡിലെ കണക്കുകൾ

സംസ്ഥാനത്ത് ആകെയുള്ള 28,000 ത്തോളം ക്ഷേത്രങ്ങളിൽ ഗുരുവായൂർ, തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വങ്ങളുടെ കീഴിലായി വെറും 3000 ത്തിൽ താഴെ ക്ഷേത്രങ്ങളാണുള്ളത്. ലഭ്യമായ കണക്കുകൾവച്ച് പറഞ്ഞാൽ ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ 12, തിരുവിതാംകൂർ ദേവസ്വത്തിനുകീഴിൽ 1240, മലബാർ ദേവസ്വത്തിന്റെ കീഴിൽ 1337, കൊച്ചി ദേവസ്വത്തിന്റെ കീഴിൽ 403 എന്നിങ്ങനെ 2992 ക്ഷേത്രങ്ങളാണ് ദേവസ്വം ബോർഡിന്റെ കീഴിലുള്ളത്. ഇവ മാത്രമേ സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണത്തിലുള്ളൂ. ശേഷിച്ച 25,000 ക്ഷേത്രങ്ങൾ മേൽപറഞ്ഞ അഞ്ചുവിഭാഗത്തിൽപ്പെടുന്നവയാണ്. ചുരുക്കത്തിൽ കേരളത്തിലെ മുഴുവൻ ഹിന്ദുക്ഷേത്രങ്ങളുടെയും ഭരണം ദേവസ്വങ്ങളാണ് നടത്തുന്നതെന്ന വാദം തെറ്റാണെന്ന് വ്യക്തം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് കേരളത്തിലെ രാജാക്കന്മാർ കൈവശം വച്ചിരുന്ന ക്ഷേത്രങ്ങളാണ് ജനായത്തഭരണം വന്നപ്പോൾ സർക്കാരിന്റെ (ദേവസ്വം ബോർഡിന്റെ)നിയന്ത്രണത്തിലായത്.

## വഖഫ് ബോർഡ്

മുസ്ലീം രാജാക്കന്മാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന മോസ്ക്കുകളും ആരാധനാസ്ഥലങ്ങളുമാണ് സർക്കാർ നിയന്ത്രണത്തിലുള്ള വഖഫ് ബോർഡിനു കീഴിലാക്കിയത്. ലോകവ്യാപകമായി ബ്രിട്ടീഷുകാർ കോളനികൾ സ്ഥാപിച്ചപ്പോൾ അവർ കീഴടക്കിയ മുസ്ലീം രാജ്യങ്ങളിലെ മോസ്കുകൾ അവർ നശിപ്പിച്ചില്ല. അതിനുപകരം അത്തരം മോസ്കുകളുടെ ഭരണം മുസ്ലീം സമുദായത്തിൽപെട്ടവരെ ഏൽപ്പിച്ചപ്പോഴാണ് വഖഫ് ബോർഡിന്റെ കീഴിൽ സമ്പത്ത് കുമിഞ്ഞുകൂടിയത്. ഈ

**ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ ന്യൂനപക്ഷവിരുദ്ധവും ഭരണഘടനാ ലംഘനവുമായതിനാൽ മുൻ എൽഡിഎഫ് സർക്കാർതന്നെ തുടർചർച്ചയ്ക്കെടുക്കാതെ മാറ്റിവെച്ചു. എന്നാൽ വീണ്ടുമിത് വിഷയമാക്കാൻ ചിലകേന്ദ്രങ്ങളെ ഉപകരണങ്ങളാക്കി ആസൂത്രിത ശ്രമമാണിപ്പോൾ നടക്കുന്നത്. ബിൽ നടപ്പിൽ വരുത്തണമെന്ന ആവശ്യമാണ് ചില ക്രൈസ്തവ വിരുദ്ധ കേന്ദ്രങ്ങളും ക്രൈസ്തവനാമം സ്വീകരിച്ചിട്ടുള്ള ചില സംഘടനകളും സാമൂഹ്യപരിഷ്കർത്താക്കളെന്ന് സ്വയം കൊട്ടിഘോഷിക്കുന്ന ക്രൈസ്തവവിരുദ്ധരും ഒറ്റയ്ക്കും കൂട്ടായും ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കുന്നത്. എന്താണ് ചർച്ച് ആക്ടിലെ നിർദ്ദേശങ്ങളെന്നോ, ചർച്ച് ബോർഡെന്നോ പഠിക്കാതെയാണ് പലരും എതിർപ്പുകളുമായി രംഗത്തെത്തിയിരിക്കുന്നതും.**

ക്ഷേത്രങ്ങളും മോസ്കുകളും രാജാക്കന്മാർ പൊതുസമ്പത്ത് കൊണ്ട് നിർമ്മിച്ചതാണ്.

### ക്രൈസ്തവ ദൈവാലയങ്ങൾ പൊതുസ്വത്തല്ല

ക്രൈസ്തവസഭയിൽ സ്വകാര്യ ഉടമസ്ഥതയിൽ ഒരു വ്യക്തി അവനു വേണ്ടി ആരാധിക്കാൻ ഒരു പള്ളി പണിയാറില്ല. പള്ളിയിലെ തിരുക്കർമ്മങ്ങൾ നടത്തുവാൻ വൈദികരെ വ്യക്തികൾ നിയമിക്കാറുമില്ല. പള്ളികളും സ്ഥാപനങ്ങളും സഭാസമൂഹത്തിന്റെ പൊതു ഉടമസ്ഥതയിൽ നിലനിൽക്കുന്നതാണ്. എന്നാൽ ഹിന്ദു മതത്തിൽപെട്ട സ്വകാര്യ വ്യക്തികൾക്ക് സ്വന്തം ഉടമസ്ഥതയിൽ ക്ഷേത്രം പണിയാം. അതിൽ ആ വ്യക്തിയുമായി യാതൊരു ബന്ധമില്ലാത്തവർക്കും ആരാധിക്കാം, നേർച്ചയിടാം, തിരിച്ചുപോകാം.

സീറോ മലബാർ സഭയിൽ ഓരോ പള്ളികളുടെ ഭരണത്തിനും ഉടമസ്ഥതയ്ക്കും ഭാരതത്തിലെ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടുള്ള ചില സംവിധാനങ്ങളുണ്ട്. സീറോ മലബാർ സഭയിലെ ഒരു പള്ളിയുടെ നിയമപരമായ ഉടമസ്ഥൻ ഇടവകക്കാരാണ്. പള്ളിയുടെ വരവ്, ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നത് പള്ളിയോഗമോ പ്രതിനിധി യോഗമോ തീരുമാനിച്ചിട്ടാണ്. എന്നാൽ പ്രതിനിധി യോഗതീരുമാനം സഭയുടെ പൊതുനന്മയ്ക്ക് വേണ്ടിയാണെന്ന് ഉറപ്പുവരുത്തേണ്ടത് അതാത് രൂപതകളിലെ മെത്രാന്മാരാണ്. പല അകത്തോലിക്കാ സഭകളുടെയും തകർച്ചയുടെ കാരണം അവരുടെ സഭാനേതൃത്വത്തിന് സഭയുടെ സ്വത്ത് കൈകാര്യം ചെയ്യുന്നതിൽ നിയന്ത്രണം ഇല്ലാത്തതാണ്. അധികാരത്തെ വിഭജിച്ച് നിലനിർത്തുമ്പോഴാണ് അധികാരദുർവിനിയോഗം കുറയ്ക്കാൻ കഴിയുക. സഭാസമ്പത്തിന്റെ പൂർണ്ണ അധികാരം മെത്രാനിലായാലും ജനങ്ങളിലായാലും പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. ഇതിനാലാണ് സീറോ മലബാർ സഭയിൽ പള്ളിഭരണത്തിൽ അധികാരം വിഭജിച്ച് പള്ളിസമ്പത്തിന്റെ ക്രയവിക്രയാധികാരം വിഭജിച്ചിരിക്കുന്നത്. ഇത്തരം നിയമങ്ങളുടെ സമാഹാരമാണ് കാനൻനിയമം.

കാനാൻ നിയമപ്രകാരം ഇടവക മുതൽ മുകളിലേയ്ക്കുള്ള വിവിധ സംവിധാനങ്ങളിൽ വൈദികരുടെയും സന്യാസിനികളുടെയും അല്മായ വിശ്വാസിസമൂഹത്തിന്റെയും കൂട്ടായ്മയും പങ്കാളിത്തവും ഉറപ്പാക്കിയിട്ടുണ്ട്. രൂപതാതലത്തിൽ കൂരിയ, ഫിനാൻസ് കൗൺസിൽ, വൈദിക സമിതി, ഉപദേശകസമിതിയായ പാസ്റ്ററൽ കൗൺസിൽ എന്നിങ്ങനെ വിവിധ സമിതികൾ പ്രവർത്തിക്കുന്നു.



രൂപതയ്ക്കുള്ളിലെ ഭൗതിക, സാമ്പത്തിക ഇടപാടുകളെല്ലാം കൂരിയയുടെയും ഫിനാൻസ് കൗൺസിലിന്റെയും തീരുമാനങ്ങൾക്കു വിധേയമായി മാത്രമേ രൂപതാധ്യക്ഷന് ചെയ്യാനാവൂ. പൊതുവായ കാര്യങ്ങളിൽ രാജ്യത്തിന്റെ നിയമങ്ങളനുസരിച്ചും സഭയ്ക്കുള്ളിൽ കാനോനിക നിയമപ്രകാരവുമാണ് കത്തോലിക്കാസഭ ലോകമെമ്പാടും പ്രവർത്തിക്കുന്നത്. സഭയുടെ ഈ കെട്ടുറപ്പാണ് സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും പ്രതിസന്ധികളെയും വെല്ലുവിളികളെയും അതിജീവിച്ച് മുന്നേറുവാൻ സഭയ്ക്ക് ശക്തിപകരുന്നത്.

ക്രൈസ്തവദേവാലയങ്ങളും സ്ഥാപനങ്ങളും പൊതുസ്വത്താണെന്ന് ചിലർ നടത്തുന്ന ബോധപൂർവ്വമായ വ്യാഖ്യാനങ്ങൾ ശുദ്ധവിവരക്കേടാണ്. സർക്കാർ ഖജനാവിലെ പണംമുടക്കി പണിയുന്നതാണ് പൊതുസ്വത്തായി പരിഗണിക്കുന്നത്. കേരളത്തിൽ കത്തോലിക്കാസഭയുടേതോ ഇതര ക്രൈസ്തവ സഭാവിഭാഗങ്ങളുടെയോ ഏതു പള്ളിയാണ് സർക്കാർ പണംമുടക്കി പണിതിരിക്കുന്നത്? രാജ്യത്തിന്റെ നിയമങ്ങൾ തെറ്റിച്ച് സംസ്ഥാനത്ത് എവിടെയെങ്കിലും ക്രൈസ്തവർ ആരാധനാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ സർക്കാരിന് നിലവിലുള്ള രാജ്യനിയമങ്ങൾ അനുസരിച്ച് നടപടിയെടുക്കാം. പുതിയൊരു ആക്ടിന്റെ ആവശ്യമില്ല.

ക്രൈസ്തവരുടെ പ്രത്യേകിച്ച് കത്തോലിക്കാസമൂഹത്തിന്റെ ആത്മീയ ഭൗതീക വളർച്ച ഒരു ദിവസം കൊണ്ടുണ്ടായതല്ല. വാർത്താ ചാനലുകളിലെ അന്തിചർച്ചകളിലും സാമൂഹ്യമാധ്യമങ്ങളിലും ക്രൈസ്തവവിരുദ്ധത വിളിച്ചറിയിക്കുന്നവരുടെ ധാർഷ്ഠ്യത്തിലും ആക്ഷേപ അവഹേളനങ്ങളിലും ഈ ആത്മീയതയും വിശ്വാസവും ഇടിഞ്ഞുവീഴുന്നതുമല്ല. ഇന്നലകളിലും ഇന്നും സ്വന്തം ജനതയ്ക്കുവേണ്ടിമാത്രമല്ല പൊതുസമൂഹത്തിനൊന്നാകെ ജീവിതം മുഴുവൻ മാറ്റിവച്ച ആയിരക്കണക്കിന് വൈദികശ്രേഷ്ഠരുടെ, വൈദികരുടെ, സന്യാസിനിമാരുടെ, അവരോടൊപ്പം രാപ്പകലധ്വാനിച്ച അധ്വാനിക്കുന്ന ലക്ഷക്കണക്കിനായ അല്മായവിശ്വാസികളുടെ തലമുറകളിലേയ്ക്ക് വിശ്വാസത്തിന്റെ അരൂപി പകർന്നേകിയ പൂർവ്വികരുടെ ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സംഭാവനകളുടെയും നിസ്വാർത്ഥസേവനത്തിന്റെയും ബാക്കിപത്രമാണ് ഈ മണ്ണിലുയർന്നുനിൽക്കുന്ന ക്രൈസ്തവ ദേവാലയങ്ങളും ഇതര സഭാസ്ഥാപനങ്ങളുമെന്ന് ആരും മറക്കരുത്. പുത്തൻ നിയമങ്ങൾ സൃഷ്ടിച്ച് ഇവയെ കൂച്ചുവിലങ്ങിടാൻ ആരും മനക്കോട്ട കെട്ടേണ്ട.

### ഇന്ത്യൻ ഭരണഘടനയുടെ ലംഘനം

കേരളത്തിലെ ക്രൈസ്തവ സഭയും സഭാസ്ഥാപനങ്ങളും അവയുടെ സ്വത്തുവകകളും എന്നും ചിലർക്ക് കണ്ണിലെ കരടായിരുന്നിട്ടുണ്ട്. ക്രൈസ്തവസഭയുടെ സ്ഥാപനങ്ങളും അവയുടെ സ്വത്തുക്കളും തങ്ങളുടെ വരുതിയിലാക്കി. സഭയുടെ പ്രവർത്തനങ്ങൾക്കും ശബ്ദത്തിനും വിലങ്ങിടുക, പൊതുസമൂഹത്തിൽ നടമാടുന്ന മദ്യം, അക്രമം, കൊലപാതകം, രാഷ്ട്രീയം, അഴിമതി തുടങ്ങിയ തിന്മകൾക്കെതിരെ ഉയരുന്ന ധാർമ്മികതയുടെയും നീതിയുടെയും സത്യത്തിന്റെയും സ്വരം മൂടിക്കെട്ടുക-ഇതാണ് ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ബിൽ യഥാർത്ഥത്തിൽ ലക്ഷ്യമിടുന്നത്. സഭാവിരുദ്ധ കേന്ദ്രങ്ങൾക്ക് ഈ ലക്ഷ്യത്തിലെത്തിച്ചേരുവാൻ അറിഞ്ഞോ അറിയാതെയോ കളമൊരുക്കിക്കൊടുക്കുകയാണ് വാസ്തവത്തിൽ എറണാകുളത്തെ ഭൂവിവാദവും തുടർസംഭവങ്ങളും.

ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണ്. ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളെ മാറ്റാൻ പാർലമെന്റിനു

പോലും കഴിയില്ലെന്ന് ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി പണ്ടേ വ്യക്തമാക്കിയിട്ടുള്ളതാണ്. അത്തരം അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ഭരണഘടന ഉറപ്പുനൽകുന്ന മതനിരപേക്ഷത. ഇക്കാര്യം ഭരണഘടനയുടെ 26-ാം വകുപ്പിൽ നിസ്സംശയം വ്യക്തമാക്കിയിട്ടുണ്ട്.

പൊതുജീവിതക്രമം, ധാർമ്മികത, ആരോഗ്യം എന്നിവയ്ക്ക് വിധേയമായി ജനങ്ങളിലെ ഏതുവിഭാഗത്തിനും എല്ലാ മതവിഭാഗങ്ങൾക്കും താഴെപ്പറയുന്ന അവകാശങ്ങളുണ്ട്. എ) മതസ്ഥാപനങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം, ബി) മതപരമായ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള അവകാശം, സി) സ്ഥാവര, ജംഗമസ്വത്തുക്കൾ സമ്പാദിക്കാനും കൈവശംവയ്ക്കാനുമുള്ള അവകാശം, ഡി) നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് അത്തരം സ്വത്തുക്കൾ കൈകാര്യം ചെയ്യാനുള്ള അവകാശം.

എ-ഉപവിഭാഗത്തിൽ പറയുന്ന സ്ഥാപിക്കാനും നടത്താനുമുള്ള എന്നീ രണ്ടുവാക്കുകൾ കൂട്ടിച്ചേർത്തു വായിക്കണം. സ്ഥാപനങ്ങൾ നടത്താനുള്ള അവകാശത്തിൽ അന്തർലീനമാണ് അവയെ ഭരിക്കാനുള്ള അവകാശവും. 26-ാം വകുപ്പ് സ്ഥാവര, ജംഗമവസ്തുക്കൾ സമ്പാദിക്കാനും സ്വന്തമാക്കാനുമുള്ള അവകാശം ഉറപ്പുനൽകുമ്പോൾ അവയെ നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് ഭരിക്കാനുള്ള അവകാശവും ഉൾപ്പെടുന്നു. ഈ അവകാശങ്ങൾ ഏതെങ്കിലും മതവിഭാഗം പൊതുജീവിതക്രമത്തിനും ധാർമ്മികതയ്ക്കും ആരോഗ്യത്തിനും ഹാനികരമായ വിധത്തിൽ വിനിയോഗിക്കുന്നുണ്ടെങ്കിലേ അവയെ നിയന്ത്രിക്കാനോ വെട്ടിച്ചുരുക്കാനോ സംസ്ഥാനത്തിന് അവകാശമുള്ളുവെന്ന് 26-ാം വകുപ്പ് വ്യക്തമായി പറയുന്നുണ്ട്.

എന്നാൽ ക്രിസ്ത്യൻ സഭാസ്ഥാപനങ്ങളോ അവയുടെ സ്വത്തുക്കളോ പൊതുജീവിതക്രമത്തിനോ ധാർമ്മികതയ്ക്കോ വിരുദ്ധമായി നടത്തുന്നതായി ബില്ലിന്റെ നിർദ്ദേശകർ പറയുന്നില്ല. സഭയുടെ സ്വത്തുക്കളുടെ നടത്തിപ്പിൽ കൂടുതൽ ജനാധിപത്യസ്വഭാവവും കാര്യക്ഷമതയും നീതിയും കൊണ്ടുവരികയെന്നതാണ് ബില്ലിന്റെ ലക്ഷ്യമായി ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ഇക്കാര്യങ്ങളുടെ പേരിൽ രാജ്യത്തെ മതവിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന അടിസ്ഥാന അവകാശങ്ങൾ നിയന്ത്രിക്കാനോ വെട്ടിച്ചുരുക്കാനോ സംസ്ഥാന സർക്കാരിനെ ഭരണഘടന അനുവദിക്കുന്നില്ല. സഭാസ്വത്തുക്കളുടെ നടത്തിപ്പ് കാനോൻ നിയമങ്ങളനുസരിച്ച് നിർവ്വഹിക്കാനുള്ള അടിസ്ഥാനപരമായ അവകാശം സഭയ്ക്കുണ്ട്. എന്നാൽ രാജ്യത്തിന്റെ നിയമങ്ങൾ ബാധകമാണ്. ആ കാനോൻനിയമം പൊതുജീവിതക്രമത്തിനോ ധാർമ്മികതയ്ക്കോ, ആരോഗ്യത്തിനോ ഹാനികരമാകുന്നുണ്ടെങ്കിലേ അതിന്റെ പേരിൽ സംസ്ഥാനത്തിന് സഭാകാര്യങ്ങളിൽ ഇടപെടാനാകൂ. ബില്ലിന്റെ നിർദ്ദേശകർ അത്തരം ആരോപണങ്ങൾ ഉയർത്തിയിച്ചിട്ടില്ല. അതുകൊണ്ട് ഈ ബിൽ ഭരണഘടനാവിരുദ്ധവും 26-ാം വകുപ്പിന്റെ നിഷേധവും ഭരണഘടനയുടെ അന്തഃസത്തയായ മതനിരപേക്ഷതയ്ക്ക് വിരുദ്ധവുമാണ്.

### ക്രൈസ്തവ നേതൃത്വം കണ്ണുതുറക്കട്ടെ

സഭാസംവിധാനങ്ങളിൽ തിരുത്തലുകളും പൊളിച്ചെഴുത്തും വേണമെന്ന ചിന്ത പരക്കെയുണ്ട്. പക്ഷേ, തലമുറകളായി സംരക്ഷിച്ച് കാത്തുസൂക്ഷിക്കുന്ന സഭയുടെ കെട്ടുറപ്പിനെ വെല്ലുവിളിച്ചും നിർവീര്യമാക്കിയുമാകരുത്. സഭാമാതാവിനെ ആക്ഷേപിച്ചും അവഹേളിച്ചും മാറ്റങ്ങളുണ്ടാക്കാമെന്ന ചിന്തയ്ക്ക് അടിസ്ഥാനമില്ല. സഭാമൂല്യങ്ങളെ പരസ്യമായി ലംഘിച്ചും കെട്ടുറപ്പിന് ക്ഷതമേൽപ്പിച്ചും വിരുദ്ധശക്തികൾക്ക് സഭാസംവിധാനങ്ങൾക്കുള്ളിലേയ്ക്ക് അനായാസം കയറുവാൻ വാതിൽ തുറന്നുകൊടുക്കുന്നത് ആത്മഹത്യാപരമാണ്. സഭയ്ക്കുള്ളിൽ നിന്നുകൊണ്ട് അധികാരികളെ പരസ്യമായി ചെളിവാരിയെറിയുമ്പോൾ സ്വയം അപഹാസ്യരാകുന്നുവെന്നതും തിരിച്ചറിയണം. വിശുദ്ധ കുർബാനയെ തടസ്സപ്പെടുത്തിയും അവഹേളിച്ചുമല്ല സഭാസംവിധാനത്തോടുള്ള വെറുപ്പ് പ്രകടമാക്കേണ്ടത്.

ക്രിസ്തു സ്ഥാപിച്ച സഭയെ വളർത്തുവാനോ ഭിന്നിപ്പുണ്ടാക്കുവാനോ യഥാർത്ഥ ക്രിസ്തുശിഷ്യനാകില്ല. സംവിധാനങ്ങളിലെ അപാകതകൾ ചൂണ്ടിക്കാണിക്കുമ്പോൾ ശത്രുസംഹാരത്തിന് ഇറങ്ങിത്തിരിക്കുന്ന പ്രവർത്തന വൈകല്യമാണ് ഇന്ന് സഭ നേരിടുന്ന പ്രതിസന്ധിയുടെ മറ്റൊരു പ്രധാന കാരണം. കൂട്ടായ്മയുടെ അരൂപിയിൽ പ്രശ്നങ്ങളെ സമീപിക്കാൻ ക്രിസ്തുശിഷ്യർക്കാകണം.

പൗരന്മാരെന്ന നിലയിൽ രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കാൻ ഓരോ ക്രൈസ്തവനും കടമയുണ്ട്. ക്രയവിക്രയങ്ങളും സ്ഥാപനങ്ങളും പൊതുപ്രവർത്തനവേദികളും രാജ്യനിയമങ്ങൾക്കുള്ളിൽനിന്നുവേണം പ്രവർത്തിക്കാൻ.

**ക്രിസ്തു സ്ഥാപിച്ച സഭയെ വളർത്തുവാനോ ഭിന്നിപ്പുണ്ടാക്കുവാനോ യഥാർത്ഥ ക്രിസ്തുശിഷ്യനാകില്ല. സംവിധാനങ്ങളിലെ അപാകതകൾ ചൂണ്ടിക്കാണിക്കുമ്പോൾ ശത്രുസംഹാരത്തിന് ഇറങ്ങിത്തിരിക്കുന്ന പ്രവർത്തന വൈകല്യമാണ് ഇന്ന് സഭ നേരിടുന്ന പ്രതിസന്ധിയുടെ മറ്റൊരു പ്രധാന കാരണം. കൂട്ടായ്മയുടെ അരൂപിയിൽ പ്രശ്നങ്ങളെ സമീപിക്കാൻ ക്രിസ്തുശിഷ്യർക്കാകണം.**

അതേസമയം സഭയിലെ ആഭ്യന്തരപ്രശ്നങ്ങൾ സഭാസംവിധാനത്തിനുള്ളിലൂടെ പരിഹരിക്കാൻ ശ്രമിക്കാതെ കോടതിവ്യവഹാരങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത് തെറ്റാണ്. ക്ഷമിക്കാനും പൊറുക്കാനും മാത്രമല്ല, അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും വചനം പങ്കുവയ്ക്കുന്നവർ തെരുവിലിറങ്ങുന്നതും വിശ്വാസികളെ വിഢിവേഷം കെട്ടിച്ച് തെരുവിലേയ്ക്ക് തള്ളിവിടുന്നതും ക്രൈസ്തവീകതയാണോയെന്ന് ആഴത്തിൽ ചിന്തിക്കുക.

സ്നേഹത്തിന്റെ പങ്കുവയ്ക്കലിന് നേതൃത്വം കൊടുക്കേണ്ടവരും അതിനായി നിലനിൽക്കേണ്ടവരും മഹത്തായ പാരമ്പര്യവും ചൈതന്യവും കെട്ടുറപ്പുമുള്ള സഭാസംവിധാനങ്ങൾക്കെതിരെ മുഷ്ടിചുരുട്ടുന്നത് ആധുനികകാലഘട്ടത്തിലെ ആത്മീയതകർച്ചയാണ് വിളിച്ചറിയിക്കുന്നത്. ക്രൈസ്തവസഭകളിൽ സമാധാനവും അനുരഞ്ജനവുംവഴി ഐക്യവും ആത്മീയതയും ശക്തിപ്പെടേണ്ടത് അടിയന്തരമാണ്. സഭകളുടെ കെട്ടുറപ്പായിരുന്നു എക്കാലത്തെയും ഏറ്റവും വലിയ കരുത്ത്. അതിനെ തകർക്കുവാൻ വിശ്വാസികളെ ഉപകരണങ്ങളാക്കി സഭയ്ക്കുള്ളിലേയ്ക്ക് നുഴഞ്ഞുകയറുന്നവരെ തിരിച്ചറിഞ്ഞ് ഒറ്റക്കെട്ടായി എതിർക്കുവാൻ വിശ്വാസിസമൂഹത്തിനാകണം. മനസിലുറപ്പിക്കുക, ഭൗതികസമ്പത്തും സ്ഥാപനങ്ങളുമല്ല വിശ്വാസമാണ് ക്രൈസ്തവരുടെ ഏറ്റവും വലിയ സമ്പത്ത്. വിശ്വാസമെന്ന സമ്പത്തിനെ തകർക്കുവാൻ ഒരു നിയമനിർമ്മാണത്തിനുമാവില്ല.

**ഷെവലിയർ അഡ്വ വി.സി.സെബാസ്റ്റ്യൻ**
ചീഫ് എഡിറ്റർ

# ജീവൻ സമൃദ്ധിയുടെ ഏഴരപ്പതിറ്റാണ്ടുകൾ

## മാർ മാത്യു അറയ്ക്കൽ

# പകരക്കാരനില്ലാത്ത അമരക്കാരൻ

**ഞാ**ൻ നിന്നെ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും. (ഉൽപ. 12.2)

ഈ വചനം സാർത്ഥമായതുപോലൊരു ജീവിതമാണ് അറയ്ക്കൽ പിതാവിന്റേത്. കുടിയേറ്റ ജനതയ്ക്ക് അനുഗ്രഹമായി മാറിയ, 'ജീവന്റെ സമൃദ്ധി' ആപ്തവാക്യമായി സ്വീകരിച്ച ഒരിടയന്റെ ജീവിതം അപ്രകാരമായില്ലെങ്കിലേ നാം അത്ഭുതപ്പെടേണ്ടതുള്ളൂ.



**1944 ഡിസംബർ 10ന്** എരുമേലിയിലെ അറയക്കൽ കുടുംബത്തിൽ മത്തായി-ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ച് സെന്റ് തോമസ് സ്കൂളിൽ ബാല്യകാല വിദ്യാഭ്യാസം. തുടർന്ന് ചങ്ങനാശേരി സെന്റ് തോമസ് മൈനർ സെമിനാരിയിലും വടവാതൂർ സെമിനാരിയിലും വൈദികപഠനം. 1971 മാർച്ച് 13ന് മാർ ആന്റണി പടിയറയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. 1971-1974 കാലഘട്ടങ്ങളിൽ അമ്പൂരി ഇടവകയിൽ അസി.വികാരി. ആത്മീയ ഉണർവ്വിന്റെയും ജനസേവനത്തിന്റെയും സാമൂഹ്യ മുന്നേറ്റത്തിന്റെയും വാതിലുകൾ മലർക്കെ തുറന്നുള്ള അറയ്ക്കലച്ചന്റെ ജീവിത യാത്രയുടെ മറ്റൊരു ഘട്ടം ഇവിടെയാരംഭിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപതയിലെ കുടിയേറ്റ മേഖലയായ അമ്പൂരിയിൽ ആരംഭിച്ച പിതാവിന്റെ സാമൂഹ്യപ്രവർത്തനം, രൂപതവിഭജിച്ചപ്പോൾ കാഞ്ഞിരപ്പള്ളി രൂപതയുടെ കുടിയേറ്റ പ്രദേശമായ ഹൈറേഞ്ചിലേക്ക് മാറി. യാത്രാ സൗകര്യങ്ങളോ, മറ്റു വികസനമോ, എന്തിന് അടിസ്ഥാന ജീവിത സൗകര്യങ്ങളോ, പോലുമില്ലാതിരുന്ന ഹൈറേഞ്ച് മലമടക്കുകളിൽ, രാഷ്ട്രീയക്കാരേക്കാൾ മുമ്പായി വികസനത്തിന്റെ കാഹളമെത്തിച്ചതിന്റെ മുൻനിരയിൽ പിതാവുണ്ടായിരുന്നു എന്നത് ചരിത്രപാഠമാണ്.

ആത്മീയതയും അദ്ധ്വാനവും വിശ്വാസവും വികസനവും സമർപ്പണവും സാക്ഷ്യവും ഒരുമിച്ചുപോകേണ്ടതാണ് എന്നു ജീവിതം കൊണ്ടു തെളിയിച്ച വ്യക്തിയാണ് മാർ മാത്യു അറയ്ക്കൽ. സമഗ്രസത്വത്തിന്റെ പ്രാധാന്യം വാക്കിലും പ്രവൃത്തിയിലും അദ്ദേഹം വെളിവാക്കുന്നു. വ്യക്തികളെ അവരുടെ സമഗ്രതയിൽ ദർശിക്കുവാനും അവരിലെ സാധ്യത കണ്ടെത്തുവാനും ഈ ഇടയശ്രേഷ്ഠനുള്ള കഴിവ് അപാരമാണ്.

കഠിനാധ്വാനം കൊണ്ടും കർമ്മശേഷി കൊണ്ടും സംഘടനാപാടവം കൊണ്ടും കൊയ്തെടുത്ത നേട്ടങ്ങൾ അനവധിയാണെങ്കിലും ഒന്നിനെക്കുറിച്ചും മേനി പറയാൻ പിതാവില്ല. 'എല്ലാം എന്നിലൂടെ സാധ്യമാകേണ്ട നിയോഗങ്ങളാണ്, നിയോഗങ്ങൾ മാത്രം' എന്ന ഒറ്റ വരിയിൽ നേട്ടങ്ങൾ അദ്ദേഹം ഒതുക്കുന്നു.

വിമർശനങ്ങൾ എൽക്കുമ്പോഴും പ്രശംസ കേൾക്കുമ്പോഴും പിതാവിന്റെ മുഖഭാവത്തിനു മാറ്റമില്ല. അതൊക്കെ പ്രവർത്തിക്കുന്നതുകൊണ്ടുള്ള പ്രതികരണങ്ങൾ മാത്രം എന്നതാണ് പിതാവിന്റെ മതം. അല്ലെങ്കിൽ കുരിശെടുത്തവന്റെ പിന്നാലെ പോയവർക്കുള്ള സമ്മാനമാണ് കുരിശുകൾ എന്ന തത്ത്വത്തിൽ തന്റെ നൊമ്പരങ്ങൾ പിതാവ് ഒതുക്കും.

1971 ൽ വൈദികനായ പിതാവ്, 2001 ൽ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. വട്ടക്കുഴി പിതാവിന്റെ പിന്തുടർച്ചക്കാരനായി കാഞ്ഞിരപ്പള്ളി രൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തു. 'കാഞ്ഞിരപ്പള്ളി ക്രിസ്ത്യാനി' ഒരു പ്രയോഗം മാത്രമല്ല, ഒരു യാഥാർഥ്യം കൂടിയാണ്. കർഷകന്റെ അധ്വാനവും കത്തോലിക്കന്റെ അഭിമാനവും ഒരുമിച്ചു ചേരുന്ന ഒരു സത്വബോധമാണവന്റേത്. ഈ സത്വബോധം ഉറപ്പിച്ചുകൊണ്ട് അവനെ കർമ്മ നിരതനാക്കി എന്നതാണ് പിതാവിന്റെ ഏറ്റവും വലിയ നേട്ടം. രൂപതാംഗങ്ങളുടെ കുടുംബപശ്ചാത്തലം അറിഞ്ഞ് അവനെ പേരു ചൊല്ലി വിളിക്കുന്ന പിതാവ് അവർക്കെല്ലാം പ്രിയങ്കരനായി മാറുന്നതിന്റെ കാരണവും മറ്റൊന്നല്ല.

പാവപ്പെട്ടവനും പാർശ്വവത്കരിക്കപ്പെട്ടവനും കർഷകനും ഗ്രാമീണസ്ത്രീകളും പിതാവിന്റെ സ്ഥായിയായ വികസന സങ്കല്പത്തിലെ മുഖ്യ ഗുണഭോക്താക്കളാണ്. അത് ആദിവാസിയായാലും അവിശ്വാസിയായാലും പിതാവിന് പ്രശ്നമില്ല. ഇല്ലാത്തവന്റെ വേദനയും രോദനവും പിതാവിന്റെ വേദനകൾകൂടിയാണ്. ഉള്ളവനോട് പക്ഷം ചേരുന്നു എന്ന പരാതി ഉയരുമ്പോഴും ഉള്ളവനെ ഇല്ലാത്തവന് പ്രയോജനപ്പെടുത്തുക എന്നതാണ് താൻ ചെയ്യുന്നതെന്ന് പറയുവാനും പിതാവിന് മടിയില്ല. ഇതൊരു പാലം പണിയലാണ്. ഉള്ളവനിൽനിന്ന് ഇല്ലാത്തവനിലേക്കുള്ള പാലം പണിയൽ. അതിന്റെ പ്രയോജനം ഉദ്ദേശിച്ചവർക്ക് ലഭിക്കുമ്പോൾ തനിക്ക് ലഭിക്കുന്നത് സംതൃപ്തി മാത്രമെന്ന് പിതാവ് സാക്ഷ്യപ്പെടുത്തുന്നത് അവിശ്വസിക്കേണ്ട കാര്യം നമുക്കില്ല.

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി പ്രദേശത്തെ തൊഴിലാളികളെ ഉൾപ്പെടുത്തി 1972-ലെ കേരളത്തിലെ പ്രഥമ തൊഴിലാളി സഹകരണ സംഘത്തിന് തുടക്കം കുറിച്ചുകൊണ്ടാണ് പിതാവ് തന്റെ സാമൂഹ്യ പ്രവർത്തനം ആരംഭിക്കുന്നത്. ഗ്രാമവികസനത്തിന് പശു വളർത്തലും കോഴി വളർത്തലും ഫലപ്രദമായ മാർഗമെന്ന് തിരിച്ചറിഞ്ഞു അദ്ദേഹം നെയ്യാറ്റിൻകര താലൂ

ക്കിലെ പെരിങ്ങാടിവിള ബ്ലോക്കിൽ തന്റെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. 1978-ൽ പീരുമേട്ടിൽ, പീരുമേട് വികസന സമിതി രൂപീകരിച്ച് തന്റെ കർമ്മമണ്ഡലം ഹൈറേഞ്ചാക്കി സ്ഥിരീകരിച്ചു. ഇന്ന് 'നബാർഡി'ന്റെയും 'കപാർട്ടി'ന്റെയും 'രാഷ്ട്രീയ മഹിളാകോശി'ന്റെയും ദക്ഷിണേന്ത്യയിലെ നോഡൽ ഏജൻസിയും റീജിയണൽ റിസോഴ്സ് സെന്ററുമായി വളർന്നിരിക്കുന്നുയ കേന്ദ്ര ശാസ്ത്രസാങ്കേതികവകുപ്പിന്റെ Centre of Excellence ആയി PDS അംഗീകരിക്കപ്പെട്ടിരിക്കുകയാണ്.

ജൈവകൃഷി മേഖലയിൽ കേരളത്തിൽ ആദ്യമായി കാലുകുത്തിയ ഒരു പ്രവർത്തകനാണ് പിതാവ്. യൂറോപ്യൻ യൂണിയന്റെ ഭാഗിക സഹായത്തോടെ പീരുമേട്ടിൽ ഓർഗാനിക് തേയില ഫാക്ടറിയും ഓർഗാനിക് സ്പൈസസ് ഫാക്ടറിയും ഈ രംഗത്തെ ഒരു വലിയ കാൽവയ്പാണ്.

സഹ്യാദ്രി ആയുർവേദ ആശുപത്രിയും സഹ്യാദ്രി ആയുർവേദ ഫാർമസ്യൂട്ടിക്കൽസും പിതാവിന്റെ വികസന പന്ഥാവിലെ രജരേഖകളാണ്. 235 ഓളം ആയുർവേദ മരുന്നുകളും കൂട്ടുകളും ഉത്പാദിപ്പിക്കുന്ന GMP സർട്ടിഫിക്കേഷനുള്ള ഒരു വലിയ സ്ഥാപനമായി സഹ്യാദ്രി ഇന്ന് ഉയർന്നു നില്ക്കുന്നു.

രൂപതയിലെ തന്നെ സാമൂഹ്യപ്രവർത്തനമേഖലയായ മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി ഇന്ന് ഇന്ത്യയിലെ കർഷകജനകീയ പങ്കാളിത്തമുള്ളതും ഏറ്റം ഉന്നതനിലവാരം പുലർത്തുന്നതുമായ സാമൂഹ്യ സംരംഭമാണ്. കർഷകരുൾപ്പെടെ ജനവിഭാഗങ്ങളെ കോർത്തിണക്കി തമിഴ്നാട്ടിലും കേരളത്തിലുമായി തുടരുന്ന എംഡിഎസിന്റെ മികവുറ്റ സംരംഭങ്ങളിൽ നേരിട്ടുള്ള ഗുണഭോക്താക്കൾ അരലക്ഷത്തിലേറെയാണ്. കർഷകപ്രസ്ഥാനമായ ഇൻഫാമിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതും എംഡിഎസാണ്.

സാമൂഹ്യപ്രവർത്തനത്തിൽ ഊന്നി നില്ക്കുമ്പോഴും വികസനവും വിദ്യാഭ്യാസവും തമ്മിലുള്ള ജൈവബന്ധത്തെക്കുറിച്ച് പിതാവ് ബോധവാനായിരുന്നു. വിദ്യാഭ്യാസം മോചന മാർഗമാണെന്നും സർവധനത്തിലും പ്രധാനപ്പെട്ട ധനമാണെന്നും സമൂഹത്തിലും കുടുംബങ്ങളിലും വ്യക്തികളിലും മാറ്റങ്ങളെത്തിക്കുന്ന ചാലാണെന്നും പിതാവ് തിരിച്ചറിഞ്ഞു. ഭുപ്രകൃതി കൊണ്ടും കാലാവസ്ഥകൊണ്ടും പല കാരണങ്ങളാലുള്ള പിന്നോക്കവസ്ഥകൊണ്ടും മറ്റൊരാൾ ഹൈറേഞ്ചിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ കൊണ്ടുവരുമെന്ന് ധരിക്കുവാൻ പിതാവിന്റെ പ്രായോഗിക ബുദ്ധി അദ്ദേഹത്തെ അനുവദിച്ചില്ല, നേതാക്കൾ അങ്ങനെയാണല്ലോ? മറ്റുള്ളവർ കാണാത്തത് അവർ കാണുകയും ചെയ്യാത്തത് അവർ ചെയ്യുകയും ചെയ്യും. അവരുടെ മുമ്പിലുള്ളത് കുറെ ഇനങ്ങളല്ല. തലമുറകളാണ്. താനും ആ ഗണത്തിൽപ്പെടുന്ന ഒരാളാണ് എന്നു പ്രവൃത്തികൊണ്ടു തെളിയിച്ചു 1995 ൽ പിതാവ് കൂട്ടിക്കാനമെന്ന കുന്നിൻ മുകളിൽ മരിയൻ കോളജിന് ആരംഭം കുറിച്ചു.

'സ്വപ്നങ്ങളിൽ പണിത സ്ഥാപന'മെന്നാണ് പിതാവ് മരിയൻ കോളജിനെ വിശേഷിപ്പിക്കുന്നത്. കാരണം കോളജ് പണിയുവാൻ സ്വന്തമായി സ്ഥലമില്ല. പണമില്ല തുടങ്ങി ധാരാളം വൈതരണികൾ അതുകൊണ്ട് പിതാവ് ചെലവില്ലാതെ കോളജ് മനസ്സിൽ പണിതു. പിന്നീട് അതു മണ്ണിലെടുത്തുവച്ചു. സഹായിക്കുവാനുണ്ടായിരുന്ന കരങ്ങളിൽ മുറുകെപ്പിടിച്ച് പിതാവ് സ്വപ്നം യാഥാർത്ഥ്യമാക്കി.

അടഞ്ഞുകിടന്ന പ്രൊഫഷണൽ വിദ്യാഭ്യാസമേഖല തുറന്നു കിട്ടിയപ്പോൾ മടിക്കാതെ പിതാവ് അവിടെയും തുടക്കക്കാരനായതിന്റെ ദൃഷ്ടാന്തമാണ് കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിങ് കോളജ്. ഇന്നു കേരളത്തിലേയെന്നല്ല, ഇന്ത്യയിലെ തന്നെ സ്വകാര്യ എൻജിനീയറിങ് കോളജുകളിൽ ഉന്നത സ്ഥാനമാണ് അമൽ ജ്യോതിയുടേത്. ഗുണനിലവാരത്തിലും മികവിലും സാങ്കേതികവിദ്യാ മേന്മയിലും അമൽജ്യോതി മാതൃകാ സ്ഥാപനമാണ്. വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ അമൽജ്യോതി കേരളത്തിലെ 'ഫസ്റ്റ് ചോയ്സ് എഞ്ചിനീയറിങ് കോളജാ'യി പരിണമിച്ചിരിക്കുന്നു.

കൂടെ നിർത്തി കുട്ടികളെ വളർത്തിയെടുക്കുന്നതുപോലെയാണ് പിതാവ് ഓരോ പ്രസ്ഥാനങ്ങളെയും സ്നേഹിച്ചും താലോലിച്ചും വളർത്തുന്നത്. അർഹരായവരെ കണ്ടെത്തി സ്ഥാപനങ്ങൾ ഏല്പ്പിക്കുന്നതിലും അവരെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് കൂടെ നില്ക്കുകയും



**മാർ ജോസ് പുളിക്കൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ എന്നിവരോടൊപ്പം**

ചെയ്യുന്ന ശൈലിയാണ് പിതാവിന്റേത്.

ഉന്നത വിദ്യാഭ്യാസരംഗത്തു മാത്രമല്ല പിതാവിന്റെ കൈയൊപ്പം പതിഞ്ഞിരിക്കുന്നത് സ്കൂൾ വിദ്യാഭ്യാസ രംഗത്തും അദ്ദേഹത്തിന്റെ ഇഷ്ടമേഖലയാണ്. കേരളത്തിലെ ഏറ്റവും മികച്ച സി.ബി.എസ്.ഇ സ്കൂളുകളായ ആനക്കല്ല് സെന്റ് ആന്റണീസ് സ്കൂൾ, റാന്നി സിറ്റഡൽ സ്കൂൾ ഇവയെല്ലാം ആ മേഖലയിലെ പൊൻ താരങ്ങളാണ്.

കേരള കത്തോലിക്കാ സഭയിൽ അല്മായ പ്രേഷിതത്വം ഒരു സെമിനാർ വിഷയം മാത്രമായിരുന്നു. അല്മായർ കൂടെ വേണം എന്ന ചിന്തയെക്കാൾ കൂടെയുണ്ടാവും എന്ന ചിന്തയാണ് സഭാധികാരികളെ നയിച്ചിരുന്നത്. സീറോ-മലബാർ സഭയിൽ ആ ചിന്ത തിരുത്തപ്പെട്ടത് അല്മായകമ്മീഷന്റെ രൂപീകരണത്തോടെയാണ്. അല്മായകമ്മീഷന്റെ ചുമതല ഏല്പ്പിച്ചതോ അറയ്ക്കൽ പിതാവിനെയും. ആരംഭം മുതൽ കമ്മീഷന്റെ പ്രവർത്തനങ്ങൾ, വൈവിധ്യമേറിയതായിരുന്നു. പ്രവാസികളുടെ കാര്യത്തിൽ കാണിക്കുന്ന ജാഗ്രത, വിദേശത്തുപോയി വിശ്വാസികളെ കാണുകയും കേൾക്കുകയും ചെയ്യുന്ന ശൈലി, അല്മായരെ അംഗീകരിക്കുന്ന മനസ്സ്, അവർക്കുവേണ്ടി വാദിക്കുവാനുള്ള തീക്ഷ്ണത, അല്മായരാണ് സഭയെന്ന തിരിച്ചറിവ് ഇവയെല്ലാം പിതാവിന്റെ അല്മായ ബന്ധത്തിലെ സുവർണ്ണനൂലുകളാണ്. ഭാരതകത്തോലിക്കാ മെത്രാൻസമതിയുടെ അല്മായ കൗൺസിൽ ചെയർമാനായും ഈ ദൗത്യം തുടരുന്നു.

തന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം എന്ന നിലയിൽ വിവിധ സംസ്ഥാനദേശീയ അന്തർദേശീയ സ്ഥാനങ്ങൾ വഹി

ക്കുവാൻ പിതാവിന് അവസരം ലഭിച്ചിട്ടുണ്ട്. ഇസ്രായേലിന്റെ ഗുഡ്‌വിൽ അംബാസിഡർ (2006) മിസ്സോറി പ്രതിനിധി സഭയുടെ അംഗീകാരം സർട്ടിഫിക്കറ്റ് (2007) കേന്ദ്ര സർക്കാർ ശാസ്ത്ര സാങ്കേതികവകുപ്പിന്റെ കൺസൾട്ടന്റ് (95-98) കേന്ദ്ര ആസൂത്രണ വകുപ്പിന്റെ എൻ.ജി.ഓ വിഭാഗം ഉപദേശകസമിതി അംഗം (98-03), സംസ്ഥാന ഫാമിങ് കോർപറേഷൻ അംഗം (85-90), കേരള സോഷ്യൽ സർവീസ് ഫോറം ചെയർമാൻ (1995-), ജീവൻ ടി.വി ചെയർമാൻ (2002-2007) രാഷ്ട്ര ദീപിക ചെയർമാൻ (2003-2007) എന്നിവ ഇവയിൽ ചിലതു മാത്രം.

*പിതാവിന്റെ ആത്മീയനേതൃത്വവും സാമൂഹികരംഗത്തെ സുസ്ഥിരവികസന കാഴ്ചപ്പാടുകളും ജനകീയശൈലിയിലൂന്നിയ പുത്തൻ കർമ്മവഴികളും സഭയ്ക്കും സമൂഹത്തിനും എന്നും മുതൽക്കൂട്ടാണ്. സഭാ-സമൂഹത്തെ ആത്മീയ - ഭൗതീക മേഖലകളിലൂടെ നയിച്ചുകൊണ്ടിരിക്കുന്ന അറയ്ക്കൽ പിതാവ് ദൈവ പരിപാലനയുടെ വഴികളെപ്പറ്റി മനസ്സു തുറന്നപ്പോൾ.*

### മെത്രാൻശുശ്രൂഷ

നന്ദി ചൊല്ലി തീർക്കാനാവാത്ത വർഷങ്ങളാണ് കടന്നുപോകുന്നത്. ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനും എന്നതായിരുന്നല്ലോ മെത്രാഭിഷേകവേളയിൽ ഞാൻ സ്വീകരിച്ച ആപ്തവാക്യം. ജീവന്റെ സമൃദ്ധിക്കായുള്ള എന്റെ എല്ലാ യത്നങ്ങളിലും ദൈവം പച്ചയായ പുല്ത്തകിടികൾ കാണിച്ചു തരുകയായിരുന്നു. ഒന്നിനും അവിടുന്നു കുറവുവരുത്തിയില്ല. ഒരുപാടു പ്രതിസന്ധികളും സങ്കടനിമിഷങ്ങളും ഉണ്ടായെങ്കിലും അപ്പോഴെല്ലാം ദൈവംതമ്പുരാൻ എന്നെ കൈപിടിച്ചു താങ്ങിനടത്തി. ഒന്നിനും "നോ" എന്ന വാക്ക് എന്റെ നാവിൽ ഒരിക്കലുമുണ്ടായിട്ടില്ല. അധികാരികളോടുള്ള അനുസരണയിലും കർത്താവിൽ ആശ്രയിച്ചും നീങ്ങുമ്പോൾ ഏതു കാര്യവും നമുക്കു സാധ്യമാണ്.

### അല്മായ ശാക്തീകരണം

സീറോ മലബാർ സഭയുടെയും സിബിസിഐയുടെയും അല്മായ കമ്മീഷൻ ചെയർമാൻ എന്ന നിലയിൽ അല്മായ സഹോദരങ്ങളെ നേരിൽ കണ്ടു സംസാരിച്ച് അവരെ മനസ്സിലാക്കാൻ ശ്രമിച്ചു. അല്മായർ എല്ലാ അർത്ഥത്തിലും അതീവ സമ്പന്നമായ വിഭവശേഷിയുള്ളവരാണ്. സ്വന്തം താൽപര്യത്താൽ ഒട്ടനവധി സംരംഭങ്ങളിൽ അവർ മുഴുകുന്നുണ്ട്. അണക്കെട്ടുപോലെ അവരെ ഒന്നിപ്പിച്ചു നിർത്തിയാൽ സഭയിൽ അത്ഭുതകരമായ മാറ്റങ്ങളുണ്ടാകും. സഭയോടു ചേർന്നു നിന്നുകൊണ്ടുള്ള സംഘടിതമുന്നേറ്റത്തിന് ശക്തിപകരാനാണ് ഞാൻ ശ്രമിച്ചത്.

പലപ്പോഴും Obey - pray - pay എന്ന റോളിലേക്ക് അവരെ ഒതുക്കി നിർത്താറുണ്ടെന്ന് എനിക്കു തോന്നുന്നു. അതിനാൽ അവരെ സഭയുടെ മുഖ്യധാരയിലേക്കുകൊണ്ടുവന്ന് അവരുടെ അറിവും കഴിവും ചാനലൈസ് ചെയ്ത് ക്രിയാത്മകസംരംഭകത്വത്തിന്റെയും ആത്മീയ-ഭൗതികവളർച്ചയുടെയും ഉപകരണങ്ങളാക്കാനാണ് ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

സഭാചരിത്രം സമ്പന്നമാണ്. വർത്തമാനകാലം പ്രൗഢമാണ്. ഭാവി ഐശ്വര്യപൂർണവും. എന്നാൽ, സഭയോടു ഉൾചേർന്നു നിന്നുകൊണ്ടു മുന്നേറിയാലേ ഈ മാനവവിഭവശേഷിയെ ജ്വലിപ്പിക്കാനാവൂ എന്ന് ഞാനവരോടു പറയാറുണ്ട്. 'ആരും ഇതേവരെ ഞങ്ങളോട് ഇതൊന്നും ചോദിച്ചിരുന്നില്ലെന്നും ആവശ്യങ്ങൾ ധരിപ്പിച്ചിരുന്നില്ലെന്നുമാണ് പലരുടെയും മറുപടി

സഭയുടെ ആവശ്യങ്ങൾ വിവരിച്ചു കൊടുത്തപ്പോൾ ഒരു കുടക്കീഴിൽ ഒന്നിച്ചുനിന്ന് ഒട്ടനവധി പദ്ധതികളിൽ സഹകാരികളാകാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചത് എന്നെ അത്ഭുതപ്പെടുത്തി. പ്രാർത്ഥനാചൈതന്യം നിറഞ്ഞ ഒട്ടേറെപ്പേർ അല്മായ കൗൺസിലിനു കീഴിലുള്ള വിവിധ ഫോറങ്ങളുടെ നേതൃത്വത്തിലേയ്ക്ക് കടന്നുവന്നിരിക്കുന്നത് ഏറെ പ്രതീക്ഷയേകുന്നു.



ഫ്രാൻസീസ് മാർപാപ്പയോടൊപ്പം

### സാമൂഹ്യവികസനരംഗം

ജൈവകൃഷിയിലൂടെ മാത്രമേ സുസ്ഥിരവികസനവും സമഗ്രവളർച്ചയും സാദ്ധ്യമാകൂ. കൊച്ചച്ചനായിരുന്ന കാലത്ത് തിരുവനന്തപുരത്ത് അമ്പൂരിയിൽ കാണിക്കാരുടെ കൂടെയും പിന്നീട് പീരുമേട്ടിലും വഞ്ചിവയലും, കുമളിയും, കണ്ണമ്പടിയും ആദിവാസിസമൂഹങ്ങൾക്കൊപ്പം ഞാൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവരെയൊന്നും വലിയ രോഗങ്ങൾ പിടികൂടാറില്ല എന്ന വസ്തുത എനിക്കു ചില നവീനബോധ്യങ്ങൾ നല്കി. നമുക്കിന്നു രോഗങ്ങളുണ്ടാകുന്നതിന്റെ പ്രധാനപ്പെട്ട കാരണം പ്രകൃതിയിൽനിന്ന് അകന്നുപോകുന്നതാണ്. അതിനാൽ ഒരു പാരിസ്ഥിതിക ആദ്ധ്യാത്മികത (Eco Spirituality) സഭാമക്കൾക്കിടയിൽ ആഴപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

അതുപോലെ ആയുർവേദത്തിന്റെ അനന്തസാധ്യതകൾ നാം ഇതേവരെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയിട്ടില്ല. നമ്മുടെ സസ്യലതാദികളും പ്രകൃതിസമ്പത്തുമൊക്കെ അനവധി സാധ്യതകൾ നിറഞ്ഞവയാണ്. അവയെ ക്രമാതീതമായ ചൂഷണത്തിനു വിധേയമാക്കാതെ നന്മയ്ക്കായി ഉപയോഗപ്പെടുത്തണം. നമ്മുടെ വിവിധ രൂപതകളിലെ സോഷ്യൽ സർവീസ് സൊസൈറ്റികളും വികസനഏജൻസികളും പ്രകൃതിയോടു ബന്ധപ്പെട്ട സുസ്ഥിരവികസനത്തിനാണ് വരുംകാലത്ത് മുൻതൂക്കം കൊടുക്കേണ്ടത്.

### കാർഷിക കാഴ്ചപ്പാടുകൾ

കാർഷികമേഖലയെ വൻവ്യവസായമായി മാത്രം കണ്ട് വലിയ ഉത്പാദനവും ലാഭവും കണക്കുകൂട്ടുന്നതിനോടൊപ്പം പ്രകൃതികൃഷിയിലൂടെ ഓരോ വീടിനും ആവശ്യമുള്ള വിഭവങ്ങൾ നട്ടുവളർത്താനും അങ്ങനെ സ്വയംപര്യാപ്തതയിലെത്താനും സാധിക്കണം. അല്ലെങ്കിൽ വലിയ ഭക്ഷ്യക്ഷാമം വരുംകാലത്ത് നേരിടേണ്ടിവരും.

പ്രകൃതിക്ക് ഒരു സംരക്ഷണസ്വഭാവമുണ്ട്. Check and control measure എന്നു പറയാം. ഒരുതരം ബാലൻസ്. മണ്ണിന്റെ ഘടനയെ മാറ്റിമറിക്കാതെ വേണം കൃഷി നടത്താൻ. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതപ്രയോഗം മണ്ണിന്റെ സ്വാഭാവികഘടനയെ തകർക്കും. സീറോ ബഡ്ജറ്റിംഗ് ഏറെ ശ്രദ്ധേയമാണെങ്കിലും കർഷകർക്കിടയിൽ അതിനു പ്രചാരം ലഭിച്ചിട്ടില്ല. കീടനാശിനിപ്രയോഗത്തിലൂടെ മണ്ണിന്റെ സ്വാഭാവികഗുണത്തെ തകർക്കാതെ പ്രകൃതിയിലേക്കു മടങ്ങുകയാണ് കരണീയം. കൂടാതെ കാർഷികവൃത്തിയുടെ നന്മയും ഗുണങ്ങളും പുതുതലമുറക്കു മനസിലാക്കിക്കൊടുക്കാനും നമുക്ക് കഴിയണം.

### സർക്കാർ രാഷ്ട്രീയ ബന്ധങ്ങൾ

സഭയുടെ ആവശ്യങ്ങൾ ശാന്തമായി അവതരിപ്പിക്കാനാണ് സർക്കാർ സംവിധാനങ്ങളോടും രാഷ്ട്രീയ നേതൃത്വങ്ങ

ളോടുമുള്ള ചർച്ചകളിലുടനീളം ഞാൻ ശ്രമിച്ചിട്ടുള്ളത്. കേരളത്തിൽ ഇടതുപക്ഷം ഭരിച്ചാലും വലതുപക്ഷം ഭരിച്ചാലും കേന്ദ്രത്തിൽ കോൺഗ്രസും ബിജെപിയും മാറിമാറി ഭരിച്ചാലും എല്ലാവരോടും ബഹുമാനിച്ചും സഹകരിച്ചും നീങ്ങുക എന്നതാണ് പ്രധാനം. എന്നാൽ സഭയുടെ മൂല്യങ്ങളിലും അവകാശങ്ങളിലും യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. ഈശ്വരാവബോധം തല്ലിക്കെടുത്തുന്ന പ്രവണതകളെ അംഗീകരിക്കാനാവില്ലന്നു മാത്രമല്ല ശക്തമായി എതിർക്കുകയും ചെയ്യും. സഭാതാൽപ്പര്യങ്ങളും ദൈവജനത്തിന്റെ ന്യായമായ ആവശ്യങ്ങളും സംരക്ഷിക്കപ്പെടുകതന്നെ വേണം. പ്രകോപനമുണർത്താതെ സംവേദനം സാധ്യമാക്കുന്ന സമവായത്തിനാണ് നാം ശ്രമിക്കേണ്ടത്. വിശുദ്ധ ഗ്രന്ഥത്തിൽ പറയുമ്പോലെ സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന തത്വമാണ് ഇവിടെയും പ്രസക്തമാകുന്നതെന്ന് എനിക്കു തോന്നുന്നു. എതിർത്തു തോല്പിക്കുകയല്ല, സ്നേഹിച്ചു കീഴടക്കുകയെന്നതാണ് എന്റെ പ്രവർത്തന ശൈലി. നമുക്ക് ദൈവം തന്നിരിക്കുന്ന ചുരുങ്ങിയ ജീവിതത്തിൽ സ്നേഹം പങ്കുവെച്ച് സന്തോഷം കണ്ടെത്താനാകണം.

### വിദ്യാഭ്യാസരംഗം

വിദ്യാഭ്യാസമേഖലയിൽ സഭയുടെ സമഗ്രസംഭാവനകൾ വാക്കുകളിലൊതുങ്ങുന്നതല്ല. നവോത്ഥാനമുറ്റേങ്ങൾക്ക് ബലമേകിയത് വിദ്യാഭ്യാസവളർച്ചയാണ്. ഈ മേഖലയിൽ ഇനിയുള്ള നാളുകളിലും സഭ കുറേക്കൂടി വിപുലമായി പ്രവർത്തിക്കണമെന്നു തോന്നുന്നു. നമ്മുടെ നാടിന്റെ വികസനത്തിന് ഊന്നലുകളേകുന്ന പദ്ധതികളാണ് വേണ്ടത്. ഉദാഹരണത്തിന് ആയുർവേദം, കൾച്ചറൽ ടൂറിസം എന്നിങ്ങനെയുള്ള കോഴ്സുകൾ ആരംഭിക്കണം. എന്തുകൊണ്ട് കേരളസഭയ്ക്ക് ഒരു യൂണിവേഴ്സിറ്റിതന്നെ തുടങ്ങിക്കൂടാ? ഈ ചിന്തയിന്മേലുള്ള എന്റെ ശ്രമങ്ങൾ ഇപ്പോഴും തുടരുകയാണ്. നമുക്ക് അടഞ്ഞ വാതിലുകളേക്കാൾ തുറന്നിട്ട വാതായനങ്ങളാണ് വേണ്ടത്. കാർഷികരംഗം കഴിഞ്ഞാൽ ഏറ്റവുമധികം പ്രാമുഖ്യം നൽകേണ്ടത് മാനവവിഭവശേഷി വികസനത്തിലാണ്. ഇതിന് ഉന്നതനിലവാരം പുലർത്തുന്ന സ്കൂളുകളും കോളജുകളും വേണം. എല്ലാ വിധസൗകര്യവുമുള്ള ഒന്നാംകിട കലാലയങ്ങൾ സൃഷ്ടിക്കാനാണ് ഞാൻ പരിശ്രമിച്ചിട്ടുള്ളത്. വരുംതലമുറയ്ക്കുള്ള ഈടുവയ്പ്പുകളാണ് അവയെല്ലാം. മാറിയ കാലഘട്ടത്തിൽ വിദ്യാഭ്യാസരംഗം കേരളമെന്ന കൊച്ചുലോകത്തിൽ ഒതുക്കരുത്. ആഗോള കാഴ്ചപ്പാടും മത്സരക്ഷമതയും ഉണ്ടാകണം.

### കുടിയേറ്റരംഗത്തെ പ്രതിസന്ധികൾ

ഹൈറേഞ്ചിലെ കർഷകർ വലിയ പ്രതിസന്ധി നേരിട്ട ഘട്ടത്തിൽ കാഞ്ഞിരപ്പള്ളി - ഇടുക്കി രൂപതയും ചേർന്ന് ഹൈറേഞ്ച് സംരക്ഷണസമിതിക്കു രൂപം കൊടുത്തു. കർഷകരെ സംഘടിപ്പിച്ച് ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തി. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നിലനില്ക്കുമ്പോൾ ജനകീയ സമരങ്ങളിലൂടെ ഈ പ്രശ്നങ്ങൾ സർക്കാരിനു മുമ്പിൽ ഫലപ്രദമായി അവതരിപ്പിക്കാൻ നമുക്കു കഴിയണം. കർഷകപ്രശ്നങ്ങൾ ഉയർത്തിക്കാട്ടി ഇൻഫാം ഇപ്പോൾ വളരെ സജീവമാണ്. സമരങ്ങളോടും പ്രക്ഷോഭങ്ങളോടുമൊപ്പം കർഷകസംരംഭങ്ങളും ഈ മേഖലയിലുണ്ടാകണം. സ്വതന്ത്രവ്യാപാരക്കരാറുകളുടെ ഇക്കാലത്ത് ആഗോളവിപണിയുമായി മത്സരിക്കുവാൻ നമ്മുടെ കർഷകരെ സജ്ജരാക്കാതെ വരും നാളുകളിൽ കാർഷികമേഖലയിൽ നമുക്കു പിടിച്ചുനിൽക്കാനാവില്ല.

മാറിയ സാഹചര്യത്തിൽ രാജ്യാന്തര കുടിയേറ്റങ്ങൾ വീണ്ടും സജീവമാകുന്നു. ജോലിതേടിയുള്ള കുടിയേറ്റത്തിൽ നിന്നും കാർഷിക കുടിയേറ്റമാണ് ഇനി വേണ്ടത്. കൃഷിചെയ്യാൻ കേരളത്തിലിനി ഇടമില്ലാത്ത അവസ്ഥയുണ്ടാകും. കൃഷി നമുക്ക് ഉപേക്ഷിക്കാനുമാവില്ല. അതിനാൽ ആഫ്രിക്ക, എത്യോപ്യ, ബ്രസീൽ എന്നിവിടങ്ങളിലെല്ലാം നാം കുടിയേറ്റസാധ്യതകൾ തേടണം. ഈ രാജ്യത്തെ അംബാസിഡർമാരുടെയും നമ്മുടെ കേന്ദ്രമന്ത്രിമാരുടെയും സഹകരണം ഇക്കാര്യത്തിലുണ്ട്. വിവിധ മേഖലകളിൽനിന്ന് വളരെ നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.



### കുടുംബാധിഷ്ഠിത വിശ്വാസം

സഭയുടെ ഇന്നത്തെ വലിയ പ്രശ്നം വിശ്വാസപ്രതിസന്ധിയാണെന്നു തോന്നുന്നു. അതിനാൽ കുടുംബങ്ങളെ കേന്ദ്രീകരിച്ച് കൗദാശികജീവിതം ആഴപ്പെടുത്താനുള്ള വചനാധിഷ്ഠിതപദ്ധതികൾക്കു പ്രസക്തിയുണ്ട്. നമുക്കറിയാം ഗാർഹികസഭയുടെ ഭദ്രത തകർക്കാനാണ് സഭാവിരുദ്ധരും നിരീശ്വരപ്രസ്ഥാനങ്ങളും ഇന്നു ശ്രമിക്കുന്നത്. സഭാസംവിധാനങ്ങളിലേയ്ക്ക് നുഴഞ്ഞുകയറിയുള്ള ഭീകപ്രസ്ഥാനങ്ങളുടെ ആസൂത്രിതശ്രമങ്ങളെ നാം നിസാരവൽക്കരിക്കരുത്. അതിനാൽ കുടുംബബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന വിശ്വാസാധിഷ്ഠിക പദ്ധതികൾക്ക് സഭ ഊന്നലുകളേകണം. ജീവന്റെയും സ്നേഹത്തിന്റെയും പങ്കുവയ്ക്കലുകൾ പ്രോജ്വലിപ്പിക്കണം. പണ്ടുകാലത്ത് എട്ടും പത്തും മക്കളുള്ള മാതാപിതാക്കൾ തങ്ങളുടെ മക്കളെ, പട്ടിണികിടന്നും ഉടുതുണി വരിഞ്ഞുമുറുക്കിയുടുത്തും വളർത്തുകയും വിശ്വാസത്തിൽ പോഷിപ്പിക്കുകയും ചെയ്തിരുന്നു. ഇന്ന് ക്രൈസ്തവർക്ക് മക്കളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുവെന്നു മാത്രമല്ല, അവരെ വിശ്വാസബോധ്യങ്ങളിൽ വളർത്താൻ സാധിക്കാതെയും വന്നിരിക്കുന്നു. അതിനാൽ, വിശ്വാസവളർച്ചയ്ക്കു സഹായിക്കുന്ന പദ്ധതികൾക്കാണ് എന്നും ഞാൻ ഊന്നൽ കൊടുത്തത്.

### ഒരേ സമയം ഒട്ടനവധി പദ്ധതികൾ

ദൈവം ഓരോ ദൗത്യം മനസിൽ തോന്നിപ്പിക്കുമ്പോൾ എന്നെ നയിക്കുന്ന ചിന്ത അവിടുന്നു തന്നെ അതിനുള്ള വഴിയും കാണിച്ചു തരുമെന്നാണ്. 'ദേ, അവിടൊരു മതിലുണ്ടല്ലോ. എന്തു ചെയ്യും' എന്ന് ഇവിടെ നിന്നുകൊണ്ടു ചിന്തിച്ചു വിഷമിക്കുന്ന

പ്രവർത്തനശൈലിയല്ല എന്റേത്. ദൈവം പ്രചോദിപ്പിക്കുന്നവർക്ക് അവിടുന്നുതന്നെ വാതിലുകൾ തുറന്നുതരും. മുന്നോട്ടു നീങ്ങാൻ കൃപയേകും. ദൈവപരിപാലനയിൽ ആശ്രയിച്ചു നീങ്ങുക എന്ന ശൈലിയാണ് ഞാൻ എന്നും പുലർത്തിപ്പോന്നത്. പുതിയ ആശയങ്ങളുമായി വരുന്ന അച്ചന്മാരെയും അത്മായരെയും ഞാനെന്നും പ്രോത്സാഹിപ്പിക്കുന്നതും അതുകൊണ്ടാണ്.

ഒരനുഭവം ഓർക്കുന്നു. വർഷങ്ങൾക്കു മുമ്പാണ്. ഞാനന്ന് പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി ഡയറക്ടറാണ്. ഹൈറേഞ്ചുകാർ ഒരു കോളേജ് വേണമെന്ന ആവശ്യവുമായി എന്നെ സമീപിച്ചു. പക്ഷെ എന്തു ചെയ്യും? സ്ഥലമില്ല, പണമില്ല. അന്ന് രൂപതാധ്യക്ഷനായിരുന്നു അഭിവന്ദ്യ വട്ടക്കുഴി പിതാവിന്റെ അനുമതിയോടെ ഞാൻ മുന്നോട്ടു നീങ്ങി. സ്ഥലത്തെ പ്രമുഖനായ ഒരാളോടു ഞാൻ പറഞ്ഞു, 'എനിക്കൊരു 25 ഏക്കർ സ്ഥലം വേണം'. 1000 രൂപ അഡ്വാൻസ് കൈപ്പറ്റിക്കൊണ്ട് അദ്ദേഹം ട്രസ്റ്റിനു സ്ഥലമെഴുതിത്തന്നു. പിന്നെ, മുഖ്യമന്ത്രിയെ കാണാൻ തിരുവനന്തപുരത്തേക്കു പോയി. അങ്ങനെ കുട്ടിക്കാനത്ത് മരിയൻ കോളജ് ഉയർന്നുവന്നു. സാമ്പത്തികപ്രതിസന്ധിയും ഒട്ടനവധി ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നിട്ടും ദൈവജനത്തിനുവേണ്ടി മുന്നിട്ടിറങ്ങിയപ്പോൾ അതൊക്കെ ലഭിച്ചിട്ടുണ്ട് എന്നതാണ് എന്റെ അനുഭവം.

രൂപതാധ്യക്ഷനായശേഷമുള്ള മറ്റൊരു സംഭവം. കൂവപ്പള്ളിയിൽ ഒരു എഞ്ചിനീയറിങ് കോളേജു വേണമെന്ന് പലയിടത്തുനിന്നും ചിന്തയുണ്ടായി. മിക്കവരും നിരുത്സാഹപ്പെടുത്തി. സാമ്പത്തികപ്രതിസന്ധിതന്നെ മുഖ്യകാരണം. പക്ഷേ, ഞാൻ പറഞ്ഞു: ''നമുക്കു തുടങ്ങാം. തമ്പുരാൻ വഴികാണിച്ചു തരും.'' ബാങ്കിൽനിന്നു ലോണെടുത്ത് പദ്ധതികളിലേക്കു വന്നു. ഇന്ന് ഇന്ത്യയിലെ മികവുറ്റ കലാലയങ്ങളിലൊന്നാണ് അമൽജ്യോതി കോളജ് ഓഫ് എഞ്ചിനീയറിങ്. ഒരു എഡ്യൂക്കേഷണൽ ഹബ്ബായി ഇത് മാറിയിരിക്കുന്നു. മൂവായിരം പേർക്ക് ഒരേസമയം ഭക്ഷണം കൊടുക്കാൻ കഴിയുന്ന ആധുനിക കിച്ചൺ സംവിധാനം ഇവിടുത്തെ ഹോസ്റ്റലിന്റെ പ്രത്യേകതയാണ്.

ആയുർവേദ ഫാക്ടറിയും മിൽക്ക് പ്ലാന്റുകളും സ്പൈസസ് ഫാക്ടറിയും ടീ ഫാക്ടറിയും സഹ്യാദ്രി ബാങ്കും പുത്തൻ പള്ളികളും കമ്യൂണിറ്റി കോളജുകളുമൊക്കെ തുടങ്ങുമ്പോഴും എന്നെ നയിച്ച ചിന്ത ഇതാണ് – ദൈവഹിതമെന്താണോ അതനുസരിച്ചുള്ള പാതകൾ തമ്പുരാൻതന്നെ തെളിയിച്ചു തരും. ഇന്ന് ഇടുക്കി, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ടീ-സ്പൈസസ് ഫാക്ടറിയും മിൽക്ക് പ്രൊജക്ടുംകൊണ്ട് തൊഴിലവസരമുൾപ്പെടെയുള്ള വളരെയധികം നന്മകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

### പിതാവിന്റെ പ്രാർത്ഥന

ദൈവാശ്രയബോധത്തോടെ അവിടുത്തെ അനന്തപരിപാലനയുടെ കരംപിടിച്ചു നീങ്ങുക എന്നതു തന്നെ. ദൈവത്തിനു പ്രീതികരമായ പ്രാദേശികസഭാസമൂഹത്തെ ആത്മീയതയിൽ കെട്ടിപ്പടുക്കാനും മാറുന്ന കാലഘട്ടത്തിനനുസരിച്ചുള്ള വികസനത്തിനു നേതൃത്വമേകാനും എന്നെ ഒരു ഉപകരണമാക്കണമേയെന്നാണ് പ്രാർഥന. ഇങ്ങനെയൊക്കെ പ്രവർത്തിക്കാൻ എനിക്ക് പ്രചോദനമേകുന്ന ദൈവജനത്തോടും വൈദികരോടും സിസ്റ്റേഴ്സിനോടും അല്മായരോടും എനിക്കേറെ നന്ദിയുണ്ട്. അടിസ്ഥാന സൗകര്യങ്ങളൊക്കെ ഒരുക്കി രൂപതയെ കെട്ടിപ്പടുത്ത മുൻഗാമികളായ പവ്വത്തിൽ പിതാവിനോടും വട്ടക്കുഴി പിതാവിനോടും എനിക്കേറെ നന്ദിയുണ്ട്. മദർതെരേസ പ്രാർത്ഥിച്ചതുപോലെ ദൈവകരങ്ങളിലെ പെൻസിലുപോലെ എന്നെയും എളിയൊരു ഉപകരണമാക്കണമേയെന്നാണ് ദൈവത്തോടുള്ള പ്രാർഥന.

ഓരോ സൃഷ്ടിയുടെയും പിറകിലുള്ളപദ്ധതിയെക്കുറിച്ച് നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്നുണ്ട്. നന്മ ചെയ്യുക, നന്മയ്ക്ക് കാരണഭൂതനാകുക എന്നൊക്കെയാവും അറയ്ക്കൽ പിതാവിനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നുവെങ്കിലും പ്രതിഫലം നല്കുന്നത് കർത്താവാണല്ലോ. പിതാവിന്റെ പദ്ധതികൾ എല്ലാം സഫലമാവട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അങ്ങനെ ജീവിതവും.

തയ്യാറാക്കിയത്:**ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**




*കാഞ്ഞിരപ്പള്ളി രൂപതയുടെ ആഭിമുഖ്യത്തിൽ ദേശീയ വിദ്യാഭ്യാസനയം, ന്യൂനപക്ഷ അവകാശങ്ങളും ക്ഷേമപദ്ധതികളും എന്നീ വിഷയങ്ങളെക്കുറിച്ച് കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന പഠനപ്രതികരണ ശിബിരം മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. അമൽജ്യോതി കോളജ് മാനേജർ റവ.ഡോ.മാത്യു പായിക്കാട്ട്, സിബിസിഐ ലെയ്റ്റികൗൺസിൽ സെക്രട്ടറി ഷെവലിയാർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ വൈസ്ചെയർമാൻ അഡ്വ.ജോർജ് കുര്യൻ, കോർപ്പറേറ്റ് മാനേജർ ഫാ.സക്കറിയാസ് ഇല്ലിക്കമുറിയിൽ, പാസ്റ്ററൽ കൗൺസിൽ വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി പ്രൊഫ.ബിനോ പി.ജോസ് എന്നിവർ സമീപം.*

# നൈജീരിയയിൽ നടക്കുന്ന ക്രൈസ്തവ നരഹത്യയ്ക്ക് പിന്നിലെ തുർക്കിയുടെ ഇരുണ്ട കരങ്ങൾ ചർച്ചയാകുന്നു

കെയ്റോ: ആഫ്രിക്കയിൽ ഏറ്റവും ശക്തമായ വേരുകളുള്ള കുപ്രസിദ്ധ തീവ്രവാദി സംഘടനയായ ബൊക്കോഹറാമിന് ആയുധങ്ങൾ നൽകുന്നത് തുർക്കിയാണെന്ന ഗുരുതര ആരോപണവുമായി ഈജിപ്തിലെ ടെൻ ടിവിയുടെ വാർത്താ റിപ്പോർട്ട്. ഏതാനും വർഷങ്ങൾക്ക് മുൻപ് ചോർത്തപ്പെട്ട ഫോൺ വിളിയുടെ അടിസ്ഥാനത്തിലാണ് ടെൻ ടിവി യുടെ അവതാരകനായ നാഷത് അൽ-ദെയ്ഹി ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തുർക്കി പ്രസിഡൻറ് എർദോഗനും, സർക്കാരും തുർക്കിയിൽ നിന്നും ആയുധങ്ങൾ കടത്തുന്നുണ്ടെന്നും, ഇത് നൈജീരിയയിലേക്കാണെന്നും, ബൊക്കോ ഹറാം സംഘടനക്ക് വേണ്ടിയാണെന്നും ദെയ്ഹിയുടെ റിപ്പോർട്ടിൽ വ്യക്തമായിരിക്കുകയാണ്. നൈജീരിയായിൽ ഏറ്റവും അധികം ക്രൈസ്തവരെ കൊന്നൊടുക്കിയ ഇസ്ളാമിക തീവ്രവാദ സംഘടനയാണ് ബൊക്കോഹറാം.

അതേസമയം വാർത്ത പുറത്തുവന്നതിന് പിന്നാലെ നിരവധി പേർ അഭിപ്രായ പ്രകടനം നടത്തി രംഗത്തെത്തിയിട്ടുണ്ട്. 'താനിതിൽ ഒട്ടും തന്നെ അത്ഭുതപ്പെടുന്നില്ല' എന്നാണ് ഡേവിഡ് ഹോറോവിറ്റ്സ് ഫ്രീഡം സെന്ററിലെ ഫെല്ലോ ജേർണലിസ്റ്റായ റെയ്മണ്ട് ഇബ്രാഹിമിന്റെ പ്രതികരണം. 2014-2015 കാലയളവിൽ റെക്കോർഡ് ചെയ്യപ്പെട്ട ടേപ്പാണിതെന്നും, പല സ്ഥലങ്ങളിലും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ടെന്നും ഇബ്രാഹിം വെളിപ്പെടുത്തി. എർദോർഗൻ ഇസ്ലാമിക് സ്റ്റേറ്റിനെ സഹായിക്കുന്നുണ്ടെന്ന ആരോപണം പൂർണ്ണമായും ശരിയാണെന്നും അദ്ദേഹം പറയുന്നു.

അടുത്തിടെ ഇസ്ലാമിക് സ്റ്റേറ്റിന്റെ തലവൻ അബൂബക്കർ അൽ-ബാഗ്ദാദി കൊല്ലപ്പെട്ടത് തുർക്കി അതിർത്തിയിൽ നിന്നും വെറും മൂന്നു മൈൽ ദൂരത്താണെന്ന കാര്യവും, ആ സ്ഥലം സിറിയൻ സർക്കാരിനെതിരെ പോരാടുന്ന ജിഹാദികളുടെ അവസാന ശക്തികേന്ദ്രമാണെന്നതും അദ്ദേഹം ചൂണ്ടിക്കാട്ടി. ബൊക്കോഹറാമിന്റെ ആയുധങ്ങൾ വളരെ സങ്കീർണ്ണമാണ്. ഫുലാനി ഗോത്രം പോലെയുള്ളവരിലേക്കും, ബുർക്കിനാ ഫാസോ പോലെയുള്ള ആഫ്രിക്കയുടെ മറ്റ് ഭാഗങ്ങളിലേക്കും ഇവ വിതരണം ചെയ്യപ്പെടുന്നതും അന്താരാഷ്ട്ര നിരീക്ഷകരുടെ നിരീക്ഷണത്തിലാണ്. ഇവിടങ്ങളിൽ ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ച കാര്യവും ഇബ്രാഹിം ചൂണ്ടിക്കാട്ടി.

ജനാധിപത്യത്തെ തകിടം മറിച്ച് ഇസ്ലാമിക ഖാലിഫേറ്റ് സ്ഥാപിക്കുവാനാണ് എർദോർഗൻ ശ്രമിക്കുന്നതെന്ന ആരോപണം നേരത്തേ മുതൽ ശക്തമാണ്. വടക്ക്-കിഴക്കൻ സിറിയയിലെ സ്വയംഭരണാവകാശമുള്ള ജനാധിപത്യ ഭരണകൂടവും എർദോർഗന്റെ വിമർശകരും ഇക്കാര്യം പലവട്ടം അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും അത് പിന്നീട് പരിഗണിക്കാതെ പോയി. ഗ്രീസ്, സിറിയ, ഇറാഖ് എന്നിവയുടെ ചില ഭാഗങ്ങളെ തുർക്കിയുടെ ഭാഗമായി ചിത്രീകരിച്ചുകൊണ്ടുള്ള ഭൂപടം അടുത്തകാലത്ത് തുർക്കിയുടെ പ്രതിരോധ മന്ത്രി സമൂഹമാധ്യമത്തിൽ പോസ്റ്റ് ചെയ്തതും തുർക്കിയുടെ ഇസ്ളാമിക അധിനിവേശ ചിന്താഗതിയെ സ്ഥിരീകരിക്കുകയാണ്.

# മതപീഡനം പുതിയ രൂപത്തിൽ: ചൈനയിൽ യേശുവിന്റെ രൂപം മാറ്റി മിന്നൽ രക്ഷാ ചാലകം സ്ഥാപിച്ചു



ബെയ്ജിംഗ്: ക്രൈസ്തവ ദേവാലയങ്ങളുടെയും മേൽക്കൂരകളിലേയും, ഗോപുരങ്ങളിലേയും പ്രതീകങ്ങളിൽ അസ്വസ്ഥരായ ചൈനീസ് കമ്മ്യൂണിസ്റ്റ് ഭരണകൂടം കടുത്ത നടപടികളിലേക്ക്. രൂപം 'കൂടുതൽ ദൃശ്യമാണ്' എന്ന കാരണം പറഞ്ഞുകൊണ്ട് കിഴക്കൻ ചൈനയിലെ ക്രൈസ്തവ ദേവാലയത്തിലെ മണിമാളികയിലെ ക്രിസ്തുവിന്റെ രൂപം മാറ്റി മിന്നൽ രക്ഷാചാലകം സ്ഥാപിച്ചതാണ് ഇപ്പോൾ വിവാദത്തിലായിരിക്കുന്നത്. കിഴക്കൻ ചൈനയിലെ ഷാഡോങ് പ്രവിശ്യാ തലസ്ഥാനമായ ജിനാനിലെ ലിൻജിയാഴുവാങ് ദേവാലയ മണിമാളികയിലെ ക്രിസ്തുരൂപമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള യുണൈറ്റഡ് ഫ്രണ്ടിന്റെ നിർദ്ദേശ പ്രകാരം മാറ്റി മിന്നൽ രക്ഷാചാലകം സ്ഥാപി ച്ചത്.

കുരിശുരൂപങ്ങളോ, ദേവാലയങ്ങളോ തകർക്കുന്നത് കൊണ്ട് വിശ്വാസികളുടെ മനസ്സിൽ വിശ്വാസം ഇല്ലാതാവുന്നില്ലെന്നും, എപ്പോഴൊക്കെ അടിച്ചമർത്തപ്പെട്ടുവോ അപ്പോഴൊക്കെ ശക്തിപ്രാപിച്ച ചരിത്രമാണ് ക്രൈസ്തവ വിശ്വാസത്തിനുള്ളതെന്ന കാര്യം ചൈനീസ് സർക്കാർ ഓർക്കണമെന്നും വിശ്വാസികൾ അഭിപ്രായപ്പെടുന്നു. ഷാഡോങ്ങിലെ ക്രിസ്ത്യൻ അടയാളങ്ങളും പ്രതീകങ്ങളും പൊതുദൃഷ്ടിയിൽ നിന്നും മറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷം ആരംഭിച്ച നടപടികളുടെ ഭാഗമാണിതെന്നാണ് പ്രദേശവാസികൾ ആരോപിക്കുന്നത്.

2014-ൽ സേജിയാങ്ങിലെ പ്രാദേശിക കമ്മ്യൂണിസ്റ്റ് ഭരണകൂടമാണ് ദേവാലയ മുഖവാരങ്ങളിലും മണിമാളികകളിലും ദൃശ്യമായ കുരിശുകൾ നീക്കം ചെയ്യുവാനുള്ള നടപടി തുടങ്ങിവെച്ചത്. ഇത് പിന്നീട് ചൈന മുഴുവൻ വ്യാപിക്കുകയായിരുന്നു. ഹെനാൻ, ഷിൻജിയാങ്, ഷാൻസി ഹുബേയി, ഗ്വിഴൌ തുടങ്ങിയ പ്രവിശ്യകളിലെ ആയിരകണക്കിന് കുരിശുകളും, വിശുദ്ധ രൂപങ്ങളും ഇതിന്റെ ഭാഗമായി തകർക്കപ്പെട്ടു.

ഹെനാൻ പ്രവിശ്യയിലെ ക്രിസ്ത്യൻ ദേവാലയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പത്ത് കൽപ്പനകൾക്ക് പകരമായി പ്രസിഡന്റ് ഷി-ജിൻപിംങ്ങിന്റെ ഉദ്ധരണികൾ പ്രദർശിപ്പിക്കണമെന്ന ഉത്തരവും ഈ നടപടികളുടെ ഭാഗമായിരുന്നു. പൊക്കം കൂടുതലാണെന്ന കാരണം പറഞ്ഞുകൊണ്ട് ഇന്നർ മംഗോളിയയിലെ വുഡാ ദേവാലയത്തിലെ മണിമാളികയിലെ കുരിശ് നീക്കം ചെയ്തതും ഈ അടുത്ത ദിവസമാണ്.

# Christian Minority Backwardness: CBCI Laity Council Submitted memorandum to the National Minority Commission



New Delhi: Catholic Bishops' Conference of India, Council for Laity Secretary, Chevalier Adv. V. C. Sebastian submitted memorandum to the National Minority Commission and requested the Central Government to appoint a commission to study the Christian minority backwardness in India. Memorandum was handed over to Adv. George Kurian, Vice Chairman of National Minority Commission, Delhi.

Laity Council also asked the Central Government to take immediate steps regarding the discrimination against Christian minority community while implementing various Minority Welfare Schemes funded by the Central Government.

Refusing the rights assured in the Constitution of India to the minority communities is unfortunate. The welfare schemes announced for minority communities are now in favour of the 'majoritarian community' within the minority. While committees such as the 'Sachar' was introduced for the betterment of Muslim community, no effort has been made to form any such committees or commissions to study the living conditions and develop welfare schemes for the Christian communities in India.

Sebastian appealed to the National Minority Commission that even after submitting several suggestions on this behalf, the fact that the government has stayed dormant, cold, and unbothered is a case of disappointment for Christians in India. He also suggested that the National Minority Commission must take immediate steps for the same.

# ക്രിസ്തുരാജന് തങ്ങളെ തന്നെ പുനഃപ്രതിഷ്ഠിച്ച് മെക്സിക്കൻ ജനത



മെക്സിക്കോ സിറ്റി: നവംബർ ഇരുപത്തി മൂന്നിന് നടന്ന പ്രത്യേക ദിവ്യബലി മധ്യേ മെക്സിക്കോയിലെ പതിനായിരത്തോളം വരുന്ന വിശ്വാസികൾ ക്രിസ്തുരാജന് തങ്ങളെ തന്നെ പുനഃപ്രതിഷ്ഠിച്ചു. സിലാവോയിലെ ബൈസൻന്റേനിയേൽ പാർക്കിൽ സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ ക്രിസ്തുരാജന്റെ ശില്പത്തിന് ചുവട്ടിലാണ് പുനഃപ്രതിഷ്ഠ ചടങ്ങുകൾ നടന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മെക്സിക്കൻ ആഭ്യന്തര യുദ്ധത്തിൽ രക്തസാക്ഷിത്വം വരിച്ച വാഴ്ത്തപ്പെട്ട അനാക്ലീറ്റസ് ഗോൺസാലസ് ഫ്ലോറസ് എന്ന രക്തസാക്ഷിയെ ചടങ്ങിൽ പ്രത്യേകം സ്മരിച്ചു. മെക്സിക്കോയിലെ വത്തിക്കാൻ പ്രതിനിധിയായ ആർച്ച് ബിഷപ്പ് ഫ്രാങ്കോ കൊപ്പോള വിശുദ്ധ കുർബാനയ്ക്കു നേതൃത്വം നൽകി.

നിരവധി വൈദികരും ചടങ്ങിൽ സംബന്ധിക്കാൻ എത്തിയിരുന്നു. തിരുക്കർമ്മത്തോട് അനുബന്ധിച്ച് നടന്ന ശുശ്രൂഷകളോടൊപ്പം നിരവധിയാളുകളുടെ സാക്ഷ്യങ്ങളും ചടങ്ങിന് നിറം പകർന്നു. ജീവനും, കുടുംബത്തിനും, സ്വാതന്ത്ര്യത്തിനുമുണ്ടാകുന്ന ഭീഷണികളുടെ രൂപത്തിൽ മരണസംസ്കാരത്തെ നേരിടുന്ന മെക്സിക്കൻ ജനതയ്ക്ക് ക്രിസ്തുരാജന് പുനപ്രതിഷ്ഠ നടത്താൻ സാധിക്കുന്നത് അർത്ഥവത്തായ ഒന്നാണെന്ന് സംഘാടകർ പറഞ്ഞു. രാജ്യത്തെ വൈദികരുടെ കൊലപാതകങ്ങളുടെയും, ദേവാലയാക്രമണങ്ങളുടെയും പാപപരിഹാരവും തിരുക്കർമ്മങ്ങളിലൂടെ തങ്ങൾ ഉദ്ദേശിക്കുന്നതായും അവർ പറഞ്ഞു. ഏറ്റവും കൂടുതൽ വൈദികനരഹത്യ നടക്കുന്ന രാജ്യവുമാണിത്.






# സംശയരോഗം കുടുംബം തകർത്തപ്പോൾ

Dr. P.M. Chacko Palakunnel
Mob: 9746085144

മുപ്പത്തിയാറുകാരനായ രാജേഷ് ഡൽഹിയിൽ ഒരു ഐടി കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. എഞ്ചിനീയറിംഗിൽ ബിരുദാനന്തരബിരുദം നേടിയിട്ടുണ്ട്. ഒരു സഹോദരനുണ്ട്. അയാൾ ഫാർമസി കോഴ്സ് പാസായി ഒരു ഫാർമസിസ്റ്റിനെ വിവാഹം കഴിച്ച് ഇപ്പോൾ വിദേശത്ത് ജോലിയിലാണ്. രാജേഷ് ലണ്ടനിൽ ജോലിയുള്ള ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു. ആറുമാസം മാത്രമേ ഒന്നിച്ചുതാമസിച്ചുള്ളൂ. അതിനുശേഷം അവൾ ജോലിസ്ഥലത്തേയ്ക്കു പോയി. പിന്നീട് തിരിച്ചുവരാനോ രാജേഷിനെ അവിടേയ്ക്ക് കൊണ്ടുപോകാനോ അവൾ താല്പര്യം കാണിച്ചില്ല. വിദേശത്ത് കിട്ടുന്ന മൂന്നുലക്ഷത്തോളം വരുന്ന ശമ്പളം അവളുടെ മാതാപിതാക്കൾ എല്ലാ മാസവും നിർബന്ധിച്ച് വാങ്ങിയിരുന്നു. വിവാഹം നടത്താനുള്ള എട്ടുലക്ഷം രൂപ പോലും തന്മൂലം അവൾക്ക് കടംവാങ്ങേണ്ടി വന്നു. വിവാഹശേഷം കടംവീട്ടാനുള്ള പണംപോലും എടുക്കുന്നതിനെ അവളുടെ മാതാപിതാക്കൾ എതിർത്തു. പണസംബന്ധമായ കാര്യങ്ങളിൽ രാജേഷ് ഇടപെടുവാൻ അവൾ അനുവദിച്ചതുമില്ല. ഒന്നിച്ചുജീവിച്ചിരുന്നപ്പോൾ നന്നായി സന്തോഷിച്ച് ഇടപെട്ടിരുന്ന സമയങ്ങളും ഉണ്ടായിരുന്നു. അപ്പോഴൊക്കെ അവൾ മാതാപിതാക്കളുടെ സമ്മർദ്ദം മൂലം കടുത്ത മാനസിക വ്യഥ അനുഭവിച്ചിരുന്നതായി രാജേഷിനു തോന്നി. ഇതിനിടെ അവൾക്കുവന്നിരുന്ന ചില ഫോൺകോളുകളും മെസേജുകളും രാജേഷിൽ സംശയത്തിന്റെ വിത്തുകൾ പാകി. ചില സമയങ്ങളിൽ രാജേഷിനോട് അവളെപ്പറ്റി ആരോ മോശമായി സംസാരിക്കുന്നതുപോലെ തോന്നിത്തുടങ്ങി. അവളുടെ അടക്കിപ്പിടിച്ചുള്ള ഫോൺ സംസാരങ്ങൾ അവിഹിത ബന്ധത്തിന്റെ ലക്ഷണങ്ങളായി രാജേഷ് ചിത്രീകരിച്ചു. തുടർന്ന് വഴക്കുകളുണ്ടായി. അവളുടെ വീട്ടുകാർ കേസിനുപോയി. രാജേഷിന് ലൈംഗിതശേഷി ഇല്ലെന്ന്വരെ കോടതിയിൽ അവളെക്കൊണ്ടു പറയിച്ച് വിവാഹമോചനം നേടാൻ അവളുടെ മാതാപിതാക്കൾ മുൻകൈയെടുത്തു. വിവാഹമോചനത്തിനുശേഷം അയാൾ ഡൽഹിയിലും അവൾ ലണ്ടനിലും ജോലിചെയ്യുന്നു.

രാജേഷ് ജോലിചെയ്യുന്ന കമ്പനിയിൽ ധാരാളം സ്ത്രീകളും പുരുഷന്മാരുമുണ്ട്. അവരൊക്കെ പരസ്പരം അധാർമ്മികമായ ബന്ധങ്ങളിലും സ്പർശനങ്ങളിലും സംസാരങ്ങളിലും മുഴുകിക്കഴിയുന്നവരാണെന്നാണ് രാജേഷിന്റെ അഭിപ്രായം. സ്ത്രീകൾ പുരുഷന്മാരെ വശീകരിച്ച് വശത്താക്കിയിരിക്കുന്നതായാണ് രാജേഷ് മനസിലാക്കിയിരിക്കുന്നത്. അവിടെയുള്ള സ്ത്രീകളുടെ നോട്ടവും ഇടപെടലും ശരിയല്ലെന്നും അവർ തന്നെയും വശത്താക്കാൻ നോക്കാറുണ്ടെന്നും രാജേഷ് പറയുന്നു. താൻ അവരുടെ ഇഷ്ടത്തിനു വഴങ്ങാത്തതു മൂലം അവർ തന്നെ ഉപദ്രവിക്കാൻ ശ്രമിക്കുന്നുവെന്നും രാജേഷിന് തോന്നുന്നു. രാജേഷ് ഓഫീസിലൂടെ നടന്നപ്പോൾ ഒരു സ്ത്രീയുടെ പിൻഭാഗത്ത് മുട്ടിയപ്പോൾ അവർ തിരിഞ്ഞുനോക്കി. പിന്നീട് രാജേഷ് ബസ്സ്റ്റോപ്പിൽ ഇരുന്നപ്പോഴും തീയറ്ററിൽ സിനിമ കണ്ടുകൊണ്ടിരുന്നപ്പോഴും സൂപ്പർമാർക്കറ്റിൽ നിന്നപ്പോഴും ഒക്കെ ആരോ അക്കാര്യം വിളിച്ചുപറയുന്നതായി രാജേഷ് നിരന്തരം കേട്ടുകൊണ്ടിരുന്നു. തിരിഞ്ഞുനോക്കുമ്പോൾ ആരാണ് പറയുന്നതെന്ന് ഒരിക്കലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. പിന്നീടൊരിക്കൽ വോൾവോ ബസിൽ നാട്ടിലേയ്ക്കു യാത്രചെയ്യുമ്പോൾ സീറ്റിലിരുന്ന് കാൽപൊക്കി വച്ചപ്പോൾ ഏതോ പെൺകുട്ടിയുടെ ദേഹത്തുമുട്ടിയപ്പോൾ അവൾ കാൽ താഴ്ത്തിവെയ്ക്കാൻ ആവശ്യപ്പെട്ടു. ഉറക്കത്തിൽ വീണ്ടും അറിയാതെ അവളുടെ അവളുടെ ദേഹത്ത് കാൽമുട്ടി. അപ്പോൾ അവൾ ദേഷ്യപ്പെട്ട് വീണ്ടും മുന്നറിയിപ്പുനൽകി. ആ സംഭവത്തിനുശേഷം ഡൽഹിയിൽ ചെന്നപ്പോഴും നാട്ടിൽ വന്നപ്പോഴും ബസിലും ട്രയിനിലും യാത്രചെയ്യുമ്പോഴുമൊക്കെ ആരോ “കാൽ” എന്നുപറഞ്ഞ് പരിഹസിക്കുന്നതായി തോന്നുവാൻ തുടങ്ങി. എവിടെച്ചെന്നാലും ഒരുപാടുപേർ ചേർന്ന് “കാൽ” എടുത്തുപറയുന്നതായി അനുഭവപ്പെടുന്നു. ഒരു സുഹൃത്തിനെ സന്ദർശിക്കാൻ നാട്ടിൽ ഒരു ആശുപത്രിയിൽ ചെന്നു. അവിടെയും ആരൊക്കെയോ “കാൽ” “കാൽ” എന്നുവിളിച്ച് അധിക്ഷേപിക്കുന്നതായി തോന്നിയതുകൊണ്ട് അവിടംവിട്ട് വേഗം ഇറങ്ങിപ്പോന്നു. സുഹൃത്തിനെ കാണാൻ വളരെ ആഗ്രഹിച്ചു ദീർഘദൂരം സഞ്ചരിച്ചാണ് എത്തിയതെന്ന കാര്യമൊക്കെ വിസ്മരിച്ച് അവിടെനിന്ന് ധൃതികൂട്ടി ഇറങ്ങിപ്പോയി. റൂമിൽ നിന്നപ്പോഴും ചിരിക്കാതെയും അസ്വസ്ഥത പ്രകടിപ്പിച്ചുമാണ് സമയം ചെലവഴിച്ചത്. പെട്ടെന്ന് തന്നെ ഇറങ്ങിപ്പോകുകയും ചെയ്തു.

ഡൽഹിയിൽ ചെന്നിട്ട് രണ്ടു സുഹൃത്തുക്കളുമായി താജ്മഹൽ കാണുവാൻ ബസിൽ യാത്രതിരിച്ചു. ബസിലും താജ്മഹലിലുമൊക്കെ “കാൽ” ശബ്ദം പ്രതിധ്വനിച്ചുകൊണ്ടിരുന്നു. പീന്നീട് ആരോ തന്നെ രഹസ്യമായി അനുധാവനം ചെയ്യുന്നെന്നും ഉപദ്രവിക്കാൻ വരുന്നെന്നും പറയുവാൻ തുടങ്ങി. തന്റെ മനസിലുള്ളതൊക്കെ ആരോ രഹസ്യമായി ചോർത്തിയെടുത്ത് പരസ്യപ്പെടുത്തുന്നുവെന്നും പറയാൻ തുടങ്ങി. ജോലിസ്ഥലത്ത് ശത്രുക്കൾ തന്നെ ഉപദ്രവിക്കും എന്നുപറഞ്ഞ് ജോലി രാജിവെയ്ക്കാൻ ആലോചിക്കുകയാണ്. അതിനു മുന്നോടിയായി രണ്ടാഴ്ച ലീവെടുത്ത് നാട്ടിൽ വന്നപ്പോഴാണ് മാതാപിതാക്കൾ നിർബന്ധിച്ച് കൗൺസിലിംഗിന് കൊണ്ടുവന്നത്.

മേൽപറഞ്ഞ ലക്ഷണങ്ങൾ ഒരു മാനസികരോഗത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. യഥാർത്ഥത്തിൽ ഇല്ലാത്ത ശബ്ദങ്ങൾ ഉണ്ടെന്നു തോന്നുന്നതിനെ ഹാലൂസിനേഷൻസ് എന്നു പറയും. ആകെക്കൂടി ഒരു മാനസികരോഗലക്ഷണമാണ് രാജേഷ് കാണിക്കുന്നത്. തനിക്കു രോഗമൊന്നും ഇല്ലെന്നും തന്നെ മാനസികരോഗിയാക്കാൻ സമ്മതിക്കില്ല എന്നും പറഞ്ഞ് ആദ്യം തടസ്സങ്ങൾ പറഞ്ഞ രാജേഷ് പിന്നീട് സൈക്കോ തെറാപ്പിക്ക് വിധേയനായി. തന്റെ യഥാർത്ഥ അവസ്ഥ മനസിലാക്കിയ രാജേഷ് ചികിത്സയിൽ സഹകരിക്കുവാൻ സമ്മതിച്ചു. മനശാസ്ത്രചികിത്സയും അല്പം മരുന്നും രാജേഷിനെ രോഗവിമുക്തനാക്കിക്കൊണ്ടിരിക്കുന്നു.

# അശരണർക്കു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച മലയാളി സന്യാസിനിക്ക് പാപ്പയുടെ ആദരം



വത്തിക്കാൻ സിറ്റി: തെരുവിൽ ഉപേക്ഷിക്കപെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും വയോധികർക്കും രണ്ടു പതിറ്റാണ്ടിലധികമായി അഭയമൊരുക്കുന്ന മലയാളി സന്യാസിനി സിസ്റ്റർ ലൂസി കുര്യന് ഫ്രാൻസിസ് മാർപാപ്പയുടെ ആദരം. അടുത്തിടെ വത്തിക്കാനിലെത്തിയ സിസ്റ്റർ ലൂസി കുര്യനെ അതീവ സന്തോഷത്തോടും സൗഹാർദ്ദത്തോടും കൂടിയാണ് പാപ്പ സ്വീകരിച്ചത്. 1997ൽ മഹാരാഷ്ട്രയിലെ പൂനയിൽ ആശ്രയമില്ലാതെ അലയുന്നവർക്ക് അഭയം നൽകാനായി സിസ്റ്റർ ലൂസി സ്ഥാപിച്ച മാഹെർ എന്ന സംഘടന ഇന്നു അനേകരുടെ കണ്ണീരൊപ്പുകയാണ്. പാപ്പയുമായുള്ള സന്ദർശനത്തിന് ശേഷം തന്റെ ശുശ്രൂഷ ജീവിതത്തെക്കുറിച്ച് സിസ്റ്റർ ലൂസി വത്തിക്കാൻ റേഡിയോയോട് മനസ്സ് തുറന്നു.

ഒരിക്കൽ ക്രൂരനായ ഭർത്താവിൽ നിന്നുമുണ്ടാകുന്ന ആക്രമണങ്ങളിൽ നിന്നും രക്ഷതേടി ഗർഭിണിയായ സ്ത്രീ വേദനയോടെ തന്നെ കാണാനെത്തി. അടുത്ത ദിവസം താമസിക്കാനുള്ള സൗകര്യം എവിടെയെങ്കിലും ഒരുക്കി തരാമെന്ന് ഉറപ്പും നൽകി. ദുഃഖത്തോടെ തിരികെ മടങ്ങിയ ആ സ്ത്രീയെ വൈകുന്നേരം ഭർത്താവ് തീകൊളുത്തി കൊന്നു. ഉദരത്തിലുണ്ടായിരുന്ന കുഞ്ഞും മരണമടഞ്ഞു. പ്രസ്തുത സംഭവമായിരുന്നു സ്ത്രീകൾക്കായി ഒരു അഭയ കേന്ദ്രമാരംഭിക്കാൻ സിസ്റ്റർ ലൂസിക്ക് പ്രേരണ നൽകിയത്. മഹാരാഷ്ട്ര കൂടാതെ ജാർഖണ്ഡിലും സംഘടനക്ക് ഇന്നു സാന്നിധ്യമുണ്ട്.

അശരണർക്കായി സുരക്ഷിതമായ ഭവനങ്ങൾ ഒരുക്കി നൽകുകയെന്നതാണ് മാഹെർ എന്ന സംഘടന പ്രധാനമായും ലക്ഷ്യമിടുന്നത്. അഭയകേന്ദ്രങ്ങളിലുള്ള കൂടുതൽ സ്ത്രീകളെയും തെരുവിൽ നിന്നും ലഭിച്ചതാണെന്നാണ് സിസ്റ്റർ ലൂസി പറയുന്നു. ഇവരിൽ പലരും മാനസിക പ്രശ്നങ്ങൾ നേരിടുന്നവരോ, പ്രായമായവരോ ആയതിനാൽ കുടുംബക്കാർക്ക് അവരെ വേണ്ട എന്ന മനസ്ഥിതിയാണ് ഉള്ളതെന്നും സിസ്റ്റർ ലൂസി വിശദീകരിച്ചു. വിവിധ മതങ്ങളിൽപെട്ടവർ ഇവിടെയുണ്ട്. മതം നോക്കിയല്ല തെരുവിൽനിന്നും താൻ സ്ത്രീകളുടെ സുരക്ഷിത ദൌത്യം ഏറ്റെടുക്കുന്നതെന്നും സിസ്റ്റർ ലൂസി കൂട്ടിച്ചേർത്തു.

ആരോഗ്യ പരിചരണം, സ്വയംതൊഴിൽ പരിശീലനം തുടങ്ങിയവ സംഘടന നൽകുന്നുണ്ട്. 2016-ൽ ഇന്ത്യയിൽ വനിതകൾക്ക് നൽകുന്ന പരമോന്നത ബഹുമതിയായ 'നാരി ശക്തി പുരസ്കാരം' സിസ്റ്റർ ലൂസി കുര്യനായിരിന്നു. നീർജ ഭാനോട് അവാർഡ്, ജിജാഭായ് അച്ചീവേഴ്സ് അവാർഡ്, ശ്രീ സത്യസായി അവാർഡ് ഫോർ ഹ്യൂമൺ എക്സലൻസ് - 'യൂണിറ്റി ഓഫ് റിലീജിയൺസ്', വനിത വുമൺ ഓഫ് ദ ഇയർ, ലീഡർഷിപ്പ് അവാർഡ് തുടങ്ങിയ നിരവധി പുരസ്ക്കാരങ്ങളും സിസ്റ്റർ ലൂസിയെ തേടിയെത്തി.



*ഇൻഫാം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ ബിഷപ്സ് ഹൗസിൽ ചേർന്ന രൂപതയിലെ 17 ഫൊറോനാകളിൽ നിന്നുള്ള കർഷകർ പങ്കെടുത്ത കർഷക കൺവൻഷൻ പാലാ രൂപതാധ്യക്ഷൻ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു.*

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

102

## യഥാർത്ഥ സാംസ്കാരികാഭിവൃദ്ധി

ഭൂമി ഫലദായകവും മനുഷ്യകുടുംബത്തിനുമുഴുവനും വാസയോഗ്യവുമാകാൻ വേണ്ടി മനുഷ്യൻ സ്വന്തം കരകൗശലത്താലോ, സാങ്കേതികവിദ്യയുടെ സഹായത്താലോ അഭിവൃദ്ധമാക്കുമ്പോഴും സമൂഹത്തിന്റെ ജീവിതത്തിൽ ബോധപൂർവ്വം പങ്കെടുക്കുമ്പോഴും ഭൂമിയെ കീഴടക്കുകയും പ്രപഞ്ചത്തെ പൂരണ്ണതയുള്ളതാക്കുകയും സ്വയം പരിപൂർണ്ണനാക്കുകയും ചെയ്യണമെന്നു കാലത്തിന്റെ ആരംഭത്തിൽ വെളിവാക്കപ്പെട്ടിട്ടുള്ള ദൈവത്തിന്റെ പദ്ധതിയെ അവൻ നിറവേറ്റുകയാണ്. അതോടൊപ്പംതന്നെ സഹോദരങ്ങളുടെ സേവനത്തിനായി സ്വയം സമർപ്പിക്കണമെന്ന ക്രിസ്തുവിന്റെ മഹത്തായ കല്പന നിറവേറ്റുകയും ചെയ്യുന്നു.

കൂടാതെ തത്വശാസ്ത്രം, ചരിത്രം, ഗണിതശാസ്ത്രം, പ്രകൃതിവിജ്ഞാനീയം തുടങ്ങിയവയിൽ ഏർപ്പെടുകയും കലകളിൽ വ്യാപൃതനാകുകയും ചെയ്യുമ്പോൾ സത്യം, നന്മ, സൗന്ദര്യം എന്നീ ഉത്കൃഷ്ടമൂല്യങ്ങളിലേയ്ക്ക് മനുഷ്യകുടുംബത്തെ ഉയർത്താനായി വളരെയേറെ ചെയ്യാൻ മനുഷ്യനു കഴിയും. അങ്ങനെ സർവ്വവും അവിടുത്തോടുകൂടെ ക്രമപ്പെടുത്തിക്കൊണ്ടും ഭൂമിയെ കളിപ്പാട്ടമായി ഉപയോഗിച്ചുകൊണ്ടും മനുഷ്യമക്കളോടുകൂടിയിരിക്കുന്നതിൽ ആനന്ദിച്ചുകൊണ്ടും നിത്യത്വംമുതൽ ദൈവത്തോടുകൂടിയായിരുന്ന ആ പരമജ്ഞാനത്താൽ മനുഷ്യവംശം കൂടുതൽ പ്രകാശിതമാകുകയും സാർവ്വത്രികമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു വിശ്വവീക്ഷണത്തിലേയ്ക്ക് ഉയരുകയും ചെയ്യുന്നു.

ഇവ്വിധം ഭൗതികവസ്തുക്കളുടെ ബന്ധനത്തിൽനിന്നും കൂടുതലായി മോചനം പ്രാപിച്ച മനുഷ്യമനസ്സ് സ്രഷ്ടാവിനെക്കുറിച്ചുള്ള പരമധ്യാനത്തിലേയ്ക്കും ആരാധനയിലേയ്ക്കും അതിവേഗം ആനയിക്കപ്പെടാൻ പാടുണ്ട്. കൂടാതെ എല്ലാറ്റിനെയും സമുദ്ധരിച്ചു തന്നിലേയ്ക്കു പുനരാനയിക്കാൻവേണ്ടി മനുഷ്യാവതാരത്തിനു മുമ്പുതന്നെ, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശമെന്നപോലെ ലോകത്തിലായിരുന്ന ദൈവവചനത്തെ അംഗീകരിച്ചാദരിക്കാൻ വരപ്രസാദപ്രേരണയാൽ അതു തയ്യാറാക്കപ്പെടുന്നു.

വസ്തുതകളുടെ ആന്തരീകാർത്ഥത്തിലേയ്ക്ക് ചുഴിഞ്ഞിറങ്ങാൻ കഴിയാത്ത ആധുനിക ശാസ്ത്രത്തിന്റെ ഗവേഷണസമ്പ്രദായത്തെ സത്യം പൂർണ്ണമായി അന്വേഷിച്ചറിയാൻ ഏറ്റം പറ്റിയ മാർഗ്ഗമായി തെറ്റിദ്ധരിക്കുമ്പോൾ ശാസ്ത്രത്തിനും സാങ്കേതികവിദ്യയ്ക്കും ഇന്നുണ്ടായിട്ടുള്ള പുരോഗതി, പ്രതിഭാസസിദ്ധാന്തത്തേയും അജ്ഞേയവാദത്തേയും പ്രോത്സാഹിപ്പിക്കാൻ പാടുണ്ട്. കൂടാതെ ഇന്നത്തെ കണ്ടുപിടുത്തങ്ങളിൽ അതിരുകടന്നു വിശ്വസിച്ചുകൊണ്ട് മനുഷ്യൻ സ്വയം സംതൃപ്തനായി ഉന്നതങ്ങളിലുള്ള കാര്യങ്ങളെ ആരായാൻ കൂട്ടാക്കാതിരിക്കുന്ന അപകടവുമുണ്ട്.



ഏതായാലും നിർഭാഗ്യകരമായ ഈ ഫലങ്ങൾ ഇന്നത്തെ സംസ്കാരത്തിൽ നിന്നും അവശ്യം ഉളവാകണമെന്നില്ല. അതുപോലെതന്നെ അവ നമ്മെ സംസ്കാരത്തിന്റെ സ്ഥാപനാത്മകമൂല്യങ്ങളെ നിരാകരിക്കാനുള്ള പ്രലോഭനത്തിലേയ്ക്കാനയിക്കുകയുമരുത്. ശാസ്ത്രപഠനം, ശാസ്ത്രീയഗവേഷണങ്ങളിൽ സത്യത്തോടുള്ള നിഷ്കൃഷ്ടമായ വിശ്വസ്തത, സാങ്കേതിക ഗ്രൂപ്പുകളിൽ മറ്റുള്ളവരുമായി ഒന്നിച്ചുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത, അന്താരാഷ്ട്രീയമായൊരു ഐക്യബോധം മനുഷ്യരെ സഹായിക്കാനും സംരക്ഷിക്കാനുമായി പണ്ഡിതന്മാരിൽ അനുദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ഉത്തരവാദിത്വബോധം, എല്ലാവർക്കും പ്രത്യേകിച്ച് ഉത്തരവാദിത്വത്തിന്റെ അഭാവത്താലും സംസ്കാരത്തിന്റെ പാപ്പരത്തത്താലും വിഷമിക്കുന്നവർക്കും ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്താനുള്ള അഭിവാഞ്ചര എന്നിവ ഈ മൂല്യങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നു. സുവിശേഷ സന്ദേശം സ്വീകരിക്കാൻ ലോകസമുദ്ധാരണാർത്ഥം ആഗതനായവനിലൂടെ ദൈവിക ഉപവിയാൽ സജീവമാക്കാവുന്ന ചില സജ്ജീകരണങ്ങൾ മേല്പറഞ്ഞ മൂല്യങ്ങൾ ഒരുക്കിത്തരുന്നുണ്ട്.

ക്രൈസ്തവ സുവിശേഷവും മാനുഷിക സംസ്കാരവും തമ്മിലുള്ള ബഹുമുഖബന്ധങ്ങൾ - രക്ഷാകരദൗത്യവും മാനവസംസ്കാരവും തമ്മിൽ നിരവധി ബന്ധങ്ങൾ കാണുന്നുണ്ട്. കാരണം, ദൈവം മാംസമെടുത്ത പുത്രനിൽ തന്റെ സ്വയാവിഷ്കരണം പൂർത്തീകരിക്കുന്നതുവരെ തന്റെ ജനതയ്ക്കു സ്വയം വെളിപ്പെടുത്തിക്കൊണ്ട് ഓരോ കാലഘട്ടത്തിന്റെയും പ്രത്യേക സംസ്കാരമനുസരിച്ച് സംസാരിച്ചിട്ടുണ്ട്.


അതുപോലെതന്നെ സഭ കാലഘട്ടങ്ങളിലൂടെ വിവിധ ചുറ്റുപാടുകളിൽ ജീവിച്ചുകൊണ്ട് അവളുടെ പ്രബോധനങ്ങൾ വഴി ക്രിസ്തുവിന്റെ സന്ദേശം സർവ്വജനതകളിലേയ്ക്കും വ്യാപിപ്പിക്കാനും വിശദീകരിക്കാനും അതിനെ പരിശോധിച്ച് അഗാധമായി ഗ്രഹിക്കാനും, തിരുക്കർമ്മാനുഷ്ഠാനങ്ങളിലും വിശ്വാസികളുടെ സമൂഹത്തിന്റെ ബഹുവിധ ജീവിതത്തിലും അതിനെ നന്നായി പ്രകാശിപ്പിക്കാനും വിവിധ സംസ്കാരങ്ങളുടെ കണ്ടുപിടുത്തങ്ങളെ സഭ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. (തുടരും)

LAITY VOICE

# 153 ദിവസം, 151 കിലോ: ലോകത്തെ ഏറ്റവും വലിയ ബൈബിൾ കയ്യെഴുത്ത് പ്രതിയുമായി മലയാളി കുടുംബം

ദുബായ്: ലോകത്തെ ഏറ്റവും വലിയ ബൈബിൾ കയ്യെഴുത്ത് പ്രതി ഒരുക്കിയ നാലംഗ പ്രവാസി മലയാളി കുടുംബം ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡ്സിലേക്ക്. ദുബായിൽ താമസിക്കുന്ന മനോജ് വർഗീസും അദ്ദേഹത്തിന്റെ ഭാര്യ സൂസനും മക്കളായ കരുണും കൃപയും ചേർന്ന് 153 ദിവസം കൊണ്ടാണ് ബൈബിളിന്റെ ലോകത്തെ ഏറ്റവും വലിയ കയ്യെഴുത്ത് പ്രതി തയ്യാറാക്കിയിരിക്കുന്നത്. 151 കിലോ ഭാരമുള്ള എ വൺ (A1) പേപ്പർ സൈസിൽ എഴുതിയുണ്ടാക്കിയ ഈ ഭീമൻ ബൈബിളിൽ 1,500 പേജുകളാണുള്ളത്. 85.5 രാ നീളവും, 60.7 രാ വീതിയുമുള്ള ബൈബിൾ കയ്യെഴുത്ത് പ്രതി നിലവിൽ ജെബൽ അലിയിലെ മാർതോമ ചർച്ചിലാണ് സൂക്ഷിച്ചിരിക്കുന്നത്.

ബന്ധപ്പെട്ട പരിശോധകന്റെ സാന്നിധ്യത്തിൽ ബൈബിളിന്റെ വലുപ്പം അളന്ന് തിട്ടപ്പെടുത്തുകയും, കയ്യെഴുത്ത് വിശകലന വിദഗ്ദൻ ബൈബിളിലെ എഴുത്ത് പരിശോധിക്കുകയും ചെയ്ത ശേഷം, ബൈബിൾ എഴുതുന്ന വീഡിയോ ഉൾപ്പെടെയുള്ള റിപ്പോർട്ട്, ഗിന്നസ് ബുക്ക് ഓഫ് റെക്കോർഡ്സ് അധികാരികൾക്ക് അയച്ചിരിക്കുകയാണ്. അതേസമയം






ഗിന്നസ് റെക്കോർഡ്സിൽ ഇടം നേടുകയായിരുന്നില്ല ബൈബിൾ എഴുതിയുണ്ടാക്കിയതിന്റെ പിന്നിലെ ലക്ഷ്യമെന്നു സൂസൻ ആവർത്തിക്കുന്നു.

മക്കൾക്ക് സമ്മാനമായി നൽകുന്നതിന് വേണ്ടി സാധാരണ സൈസിലുള്ള പേജിൽ എഴുതുവാനാണ് ആദ്യം തീരുമാനിച്ചത്. ഇന്റീരിയർ ഡിസൈൻ സ്ഥാപനം നടത്തുന്ന മനോജ് വർഗീസാണ് മതിയായ അന്വേഷണങ്ങൾക്ക് ശേഷം നിലവിലുള്ളതിലും വലിയ സൈസിലുള്ള ബൈബിൾ എഴുതുവാൻ കുടുംബത്തിന് പ്രചോദനമേകിയത്. കുടുംബത്തിലെ എല്ലാവരേയും പങ്കെടുപ്പിക്കുന്നതിനായി ദൗത്യം പലർക്കുമായി വീതിച്ചു നൽകി. മെയ് 11-ന് എഴുത്ത് ആരംഭിച്ചു. 153 ദിവസങ്ങൾക്ക് ശേഷം ഒക്ടോബർ 10-നാണ് എഴുത്ത് പൂർത്തിയായത്. ബൈബിളിലെ 60 പുസ്തകങ്ങളും സൂസൻ തന്നെയാണ് പൂർത്തിയാക്കിയത്. ബാക്കിയുള്ളവ മറ്റുള്ളവർക്ക് വീതിച്ചു നൽകി.

ഒരു തീർത്ഥാടനം പോലെയായിരുന്നു ഈ അനുഭവമെന്നാണ് സൂസൻ പറയുന്നത്. ദുബായിലെ മാർ തോമാ സഭയുടെ അൻപതാമത് വാർഷികത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ വെച്ച് മാർത്തോമ സഭാ തലവൻ റവ. ഡോ. ജോസഫിന്റെ സാന്നിധ്യത്തിൽ മനോജും കുടുംബവും തങ്ങളുടെ ഇടവക കൂടിയായ ജെബൽ അലിയിലെ ദേവാലയത്തിന് ബൈബിൾ കൈമാറി. അവിടെ പ്രത്യേക പെട്ടകത്തിൽ ഈ ബൈബിൾ പ്രദർശിപ്പിക്കുവാനാണ് പദ്ധതി.

# ഇൻഫാം ദേശീയ സമ്മേളനം ജനുവരി 15 മുതൽ 18 വരെ വൻ കർഷക പ്രകടനവും അവകാശപ്രഖ്യാപനവും കട്ടപ്പനയിൽ

കോട്ടയം: ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ദേശീയ സമ്മേളനവും കർഷകപ്രകടനവും കട്ടപ്പനയിലും, പ്രതിനിധി സമ്മേളനം കാഞ്ഞിരപ്പള്ളിയിലുമായി ജനുവരി 15 മുതൽ 18 വരെ നടക്കും. ഇൻഫാം സംസ്ഥാന സമിതിയുടെയും കാഞ്ഞിരപ്പള്ളി കാർഷികജില്ലയുടെയും നേതൃത്വത്തിൽ ഇതാദ്യമായാണ് കട്ടപ്പന ഇൻഫാം ദേശീയ സമ്മേളനത്തിന് വേദിയാകുന്നത്. മലയോര കാർഷിക മേഖലയിലെയും തീരദേശങ്ങളിലെയും ഇടനാട്ടിലെയും കാർഷിക പ്രതിസന്ധികൾ പരിഹാരമില്ലാതെ അതിരൂക്ഷമായി തുടരുന്ന പശ്ചാത്തലത്തിൽ കർഷക പ്രതിഷേധങ്ങൾ ശക്തമാക്കി കർഷകമുന്നേറ്റത്തിന് സമ്മേളനം തുടക്കം കുറിക്കും.

സമ്മേളനത്തിന്റെ മുന്നോടിയായി ജനുവരി 15ന് ഇൻഫാം കർഷകദിനമായി ആചരിക്കും. 1000ൽ പരം ഗ്രാമസമിതികളിൽ പതാക ഉയർത്തി പ്രവർത്തകസമ്മേളനങ്ങൾ ചേരുകയും കർഷകരെ ആദരിക്കുകയും ചെയ്യും. കാസർഗോഡ് നിന്ന് അന്നേദിവസം ഇൻഫാം പതാക പ്രയാണം ആരംഭിക്കും. 16ന് ഇൻഫാം സ്ഥാപക ചെയർമാൻ ഫാ. മാത്യു വടക്കേമുറിയുടെ കൂവപ്പള്ളിയിലെ കബറിടത്തിങ്കൽ നിന്ന് ദീപശിഖാപ്രയാണവും, സ്ഥാപക ട്രസ്റ്റി എം.സി. ജോർജിന്റെ മൂവാറ്റുപുഴയിലെ കബറിടത്തിങ്കൽ നിന്ന് ഛായാചിത്ര പ്രയാണവും ആരംഭിച്ച് പതാകപ്രയാണത്തോടൊപ്പം സമ്മേളന നഗറിലെത്തുന്നതും തുടർന്ന് വൈകുന്നേരം 5ന് ദേശീയ സമ്മേളന പതാക ഉയർത്തപ്പെടുന്നതുമാണ്.

ജനുവരി 17ന് 2 മണിക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇൻഫാം കർഷകർ പങ്കെടുക്കുന്ന കർഷകപ്രകടനം കട്ടപ്പന ടൗൺഹാൾ പരിസരത്തുനിന്ന് ആരംഭിച്ച് ടൗൺ ചുറ്റി സെന്റ് ജോർജ് പാരീഷ് ഗ്രൗണ്ടിൽ എത്തിച്ചേരും. തുടർന്ന് സെന്റ് ജോർജ് പാരീഷ് ഓഡിറ്റോറിയത്തിൽ നടക്കുന്ന പൊതുസമ്മേളനം ഇൻഫാം ദേശീയ രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യും. ഇൻഫാം കർഷക അവകാശപ്രഖ്യാപനവും നടത്തും. ഇൻഫാം ദേശീയ സംസ്ഥാന നേതാക്കൾ സമ്മേളനത്തിൽ സംസാരിക്കും. 18ന് കാഞ്ഞിരപ്പള്ളി പാറത്തോട് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ കർഷക പ്രതിനിധി സമ്മേളനം ചേർന്ന് ഭാവിപരിപാടികൾക്ക് രൂപം നൽകും.

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only
Shaiju Chacko-Mobile: +91 9562017841